
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 05 | THE ONLINE OFFICIAL NEWS BULLETIN | 2024 February 01

SEASON OF EPIPHANY | **ദനഹാകാലം** | **ܥܕܢܐ ܕܕܢܚܐ**

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
 ♪8 Hadbšabo d Anidé Sunday of the All Faithful Departed **4**	♪4 **5**	♪8 **6**	♪4 **7**	 ♪8 Comme. of Mar Abo (Mathamariyam Church, Thevalakkara) **8**	 ♪4 15th Mem. of Mathews Mar Epiphanios Metropolitan ✠ (St. Thomas Cathedral, Kollam) **9**	♪8 **10**



ആർദ്ര ചാരിറ്റബിൽ സൊസൈറ്റിയുടെ വിവാഹസഹായ നിധി വിതരണം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.



ചുങ്കത്തറ എം.പി.എം. ഹയർസെക്കൻഡറി സ്കൂൾ പൈതൃക സ്മാരക മന്ദിര ഉദ്ഘാടനവും, സ്കൂൾ ആനിവേഴ്സറി ഉദ്ഘാടനവും ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ കോട്ടയം ഭദ്രാസനവും പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ (KSBCDC) നും ചേർന്ന് നടത്തിയ സ്വയംസംരംഭ പരിശീലനം.



മലങ്കര ഓർത്തഡോക്സ് സഭ മെറിറ്റ് ഈവനിംഗ് 2024 പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് ത്രിതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു. ജോൺസി സി ഡാനിയൽ, അഡ്വ. ബിജു ഉമ്മൻ, ഡോ ജോസഫ് മാർ ദീവന്നാസിയോസ്, ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, റോണി വർഗ്ഗീസ് എബ്രഹാം, ഫാ. പി. ടി. ഷാജൻ, ദിവ്യ എസ്. അയ്യർ, ഡോ. മറിയ ഉമ്മൻ എന്നിവർ സമീപം.



ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ വച്ച് നടന്ന മലങ്കരസഭ വൈദിക സംഘം വടക്കൻ മേഖല സമ്മേളനത്തിൽ വൈദികസംഘം പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. ഡോ. യാക്കോബ് മാർ ഐറേനിയോസ് മുഖ്യ പ്രഭാഷണം നടത്തി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം നവതി സമ്മേളനം

കൊച്ചി: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം നവതി രാജ്യാന്തര സമ്മേളനം ഫെബ്രുവരി 2, 3 തീയതികളിൽ എറണാകുളം ആശീർ ഭവനിൽ നടക്കും ഉച്ചതിരിഞ്ഞ് 3-ന് നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. ഫെബ്രുവരി 3-ന് വൈകുന്നേരം 3-ന് നടക്കുന്ന സമാപന സമ്മേളനം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. ഹൈബി ഈഡൻ എം.പി. മുഖ്യപ്രഭാഷണം നടത്തും. വിവിധ മേഖലകളിൽ മികവു തെളിയിച്ചവരെ സമ്മേളനത്തിൽ ആദരിക്കുമെന്ന് ജനറൽ സെക്രട്ടറി ഫാ. വിജു വി. ഏലിയാസ് എന്നിവർ അറിയിച്ചു.

ലേഖനം

പ. തോമാ ശ്ലീഹായും നമ്മളും

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്



മാനവചരിത്രത്തിൽ 1900 വർഷം ദീർഘമായ ഒരു കാലഘട്ടമാണ്. ഒരു രാഷ്ട്രമോ ഒരു സാമ്രാജ്യമോ അത്രയുംനാൾ നിലനിന്നിട്ടില്ല. അത്രത്തോളം ദീർഘമായ ഒരു സമയപരിധിയിൽ മതങ്ങൾക്കുപോലും കാതലായ വ്യതിയാനങ്ങൾ വന്നുഭവിച്ചിട്ടുണ്ട്. ചരിത്രം പഠിക്കുമ്പോൾ മനസ്സിലാക്കുവാൻ നമുക്ക് ഇടയാകുന്നത്, ജന്മംകൊണ്ടശേഷം മൂന്നോ നാലോ ശതകങ്ങൾകൊണ്ട് ഏതൊരു മതത്തിനും അതിന്റെ പ്രാരംഭ ചാലകഭാവം കൈമോശം വന്നതായാണ്.

ഏതൊരു മതത്തിനും അതിന്റേതായ രീതിയിൽ ഉയർച്ചയും താഴ്ചയും ഭവിച്ചിട്ടുണ്ട്. നാലു ശതകങ്ങളോളം ഭാരതത്തിൽ വളരെ ഊർജ്ജസ്വലതയോടും ആവേശത്തോടും നിലനിന്നിരുന്ന ഒന്നാണ് ബുദ്ധമതം. പ്രായോഗികമായി ഹിന്ദുമതത്തെ ബുദ്ധമതം തുടച്ചുമാറ്റി എന്നുതന്നെ പറയാം. എന്നാൽ ഏതാണ്ട് ഒരു സഹസ്രാബ്ദത്തിനുശേഷം അത് തിരിച്ചുവന്നു. ബുദ്ധമതത്തിന്റെ ആവിർഭാവത്തിനു മുമ്പുണ്ടായിരുന്ന ഹിന്ദുമതത്തിന്റെ പ്രകൃതത്തിൽ നിന്ന് സമൂലമായ മാറ്റങ്ങളോടെ തിരികെവന്ന ഹിന്ദുമതം മൂന്നോ നാലോ ശതകങ്ങൾ ഭാരതത്തിൽ ക്രിയാത്മക തരത്തിൽ പ്രവർത്തിച്ചു.

അതേസമയം, ഭാരതത്തിൽ ക്രൈസ്തവ മതത്തിന്റെ അവസ്ഥ എങ്ങനെയാണ്? അപ്പോസ്തോലനായ തോമാ ഇവിടെ വന്നനാൾ മുതൽ വളരെയേറെ ശതകങ്ങൾ അത് ഏറെ ഊർജ്ജസ്വലമായിരുന്നു എന്ന വസ്തുതയിൽ സംശയം തോന്നേണ്ടതായി ഒന്നുംതന്നെയില്ല. എന്നാൽ ആ ഊർജ്ജസ്വലതയുടെ രഹസ്യം എന്തായിരുന്നുവെന്ന കാര്യത്തിൽ പ്രായോഗികമായി യാതൊന്നും നമുക്ക് അറിയില്ല.

മറ്റൊരു വിദേശിയുടെ, അതായത് ഫ്രാൻസിസ് സേവിയറിന്റെ (16–ാം ശതകം) പ്രവർത്തനഫലമായിരുന്നു ഇന്ത്യയിലെ സഭ ക്രിയാത്മകമായി പ്രവർത്തനങ്ങൾ നടത്തിയിരുന്ന വേറൊരു കാലഘട്ടം. അതായത് നമ്മൾ അറിയുന്നിടത്തോളം നമ്മുടെ സഭാചരിത്രത്തിൽ ഏറ്റവും ശക്തമായി സുവിശേഷം പ്രചരിപ്പിച്ചത് ഒരു പാലസ്റ്റീൻകാരനും ഒരു പോർട്ടുഗീസുകാരനും ആയിരുന്നു.

തീർച്ചയായും, പേരെടുത്തു പറയപ്പെടേണ്ട ഒരു സുവിശേഷകനാണ് തദ്ദേശീയനായ സാധു സുന്ദർസിംഗ്. എങ്കിലും ക്രിസ്തുവിനെ ഭാരതീയർക്കിടയിൽ ഫലപ്രദമായി പരിചയപ്പെടുത്തിയ തദ്ദേശീയരുടെ നിര അത്രയ്ക്ക് ദീർഘമൊന്നുമല്ല.

എന്നാൽ, ഇതു മാത്രമൊന്നുമല്ല ഭാരതീയ ക്രൈസ്തവ സഭയിൽ നാം കാണുന്ന ദൗർബല്യം. ഇന്ത്യയിലെ സുറിയാനി ക്രിസ്ത്യാനികൾക്കിടയിലേക്ക് പ്രോത്സാഹനവുമായി, സഹായഹസ്തവുമായി കടന്നുവന്നവർ ഏറെ ഉണ്ടായിരുന്നുവെങ്കിലും ഭാരതീയ ക്രൈസ്തവരിൽ ആരുംതന്നെ പറയത്തക്ക ഉന്നതനിലയിലേക്ക് എത്തിപ്പെട്ടിട്ടില്ല. ഭാരതീയ ക്രൈസ്തവരുടെ ശുശ്രൂഷകളെയും സേവനങ്ങളെയും ഹൈന്ദവർ വളരെയധികമായി പുകഴ്ത്തിപ്പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്; എന്നാൽ ഇത്തരം ആദരവുകൾക്ക് കാരണഭൂതർ, തീർച്ചയായും, ഭാരതീയരല്ലാത്ത ക്രൈസ്തവ സുവിശേഷകരത്രെ.

അതേസമയം, അസന്നിഗ്ദ്ധമായ ഒരു വസ്തുത ഇതാണ്; അതായത് ഒരു കാലത്ത് ഏഷ്യയിൽ ആകമാനം വ്യാപിച്ചിരുന്ന സിറിയൻ ക്രിസ്ത്യൻ സഭ, അതിശയകരം എന്നു തോന്നാം, ഇന്ത്യയുടെ ഒരു ചെറിയ ഒതുങ്ങിയ പ്രദേശത്തു മാത്രമായി ഇന്ന് നിലനിൽക്കുകയാണ്. ഒരു പക്ഷെ, ഇത് ഒരു ആകസ്മികതയാകാം. എനിക്കു തോന്നുന്നത്, ഭാഗികമായ തോതിലാണെങ്കിലും നമുക്കിതിനെ വിശദീകരിക്കാൻ സാധിക്കുമെന്നു തന്നെയാണ്. ഇന്ത്യയിലെ സഭ ഒരിക്കലും 'സ്ഥാപിക്കപ്പെട്ട' ഒന്നല്ല എന്ന വസ്തുത ശ്രദ്ധേയമായ ഒന്നാണെന്ന് കരുതേണ്ടിയിരിക്കുന്നു. നമ്മൾ ഒരിക്കലും ഇന്ത്യയിൽ ഏതെങ്കിലും ഒരു ഭാഗത്ത് അഥവാ പ്രദേശത്ത് ഭൂരിപക്ഷമതം ആയിരുന്നിട്ടേയില്ല. നമുക്ക്, ചില പ്രത്യേക ഭൂപ്രദേശങ്ങളിൽ ചെറിയ 'രാജ്യങ്ങളോ' ഭരണസീമകളോ ഉണ്ടായിരുന്നിരുന്നേക്കാം (ഉദാ. വില്ലാർവട്ടം, ഇരവികോർത്തൻ മുതലായവ). എന്നാൽ ഒരിക്കലും മറ്റു ദേശങ്ങളെ കീഴടക്കുന്ന രാജാവോ ഭരണകർത്താവോ നമുക്ക് ഉണ്ടായിട്ടില്ല. ക്രൈസ്തവസമൂഹം ഒരിക്കലും രാഷ്ട്രീയ, സാമ്പത്തിക അധികാരം ഫലപ്രദമായി ഉപയോഗിച്ചിട്ടില്ല എന്ന് ഇതിന് അർത്ഥമില്ല. അത്തരം അധികാരം ഒരിക്കൽപോലും ഏകപക്ഷീയമായ അധീശത്വഭാവം കൈകാര്യം ചെയ്യുന്ന നിലയിലേക്ക് എത്തിയിരുന്നില്ല. ഇതരശക്തികൾക്കൊപ്പം സമതുലനഭാവം അനുഭവിക്കുന്ന സാഹചര്യമാണ് നിലനിന്നത്.

ഇന്ത്യയിലെ സിറിയൻ ക്രൈസ്തവ സമൂഹത്തെ സംബന്ധിച്ചിടത്തോളം നമുക്ക് മെത്രാപ്പോലീത്തന്മാരുടെ സ്വാഭാവിക പിൻതുടർച്ചാ സമ്പ്രദായം സഭാചരിത്രത്തിൽ വളരെ വൈകി മാത്രമാണ് ഉണ്ടായതെന്നതും ഒരു പ്രത്യേകത തന്നെയാണ്. ജോർജിയൻ സഭയെപ്പോലെയോ അർമ്മീനിയൻ സഭയെപ്പോലെയോ എന്തുകൊണ്ട് ആദ്യം മുതൽ ഒരു സ്വതസിദ്ധമായ അധികാരശ്രേണീ സമ്പ്രദായം രൂപീകരിച്ച് നിലനിർത്തുവാൻ നമുക്ക് സാദ്ധ്യമായില്ല?

സ്വയംശീർഷകവും സ്വയസിദ്ധവുമായ ഒരു മെത്രാസനം നൂബിയ സഭ (ഇന്ന് ഈജിപ്തിന്റെ തെക്കൻ ഭാഗത്തും സുഡാന്റെ വടക്കൻ ഭാഗത്തുമായി നിലനിൽക്കുന്ന ഭൂപ്രദേശം) നിലനിർത്തിയിരുന്നുവല്ലോ. ഞാൻ മനസ്സിലാക്കുന്നിടത്തോളം എത്യോപ്യൻ സഭയും ഇന്ത്യൻ സഭയും മാത്രമാണ് സ്വയംശീർഷകത്വം നേടി നിലനിർത്തുവാൻ വളരെ വൈകിപ്പോയത്. തൊലിവെളുത്ത ഈജിപ്തുകാരെയും സുറിയാനിക്കാരെയും അപേക്ഷിച്ച് തീരെ കഴിവുകെട്ടവരും അപകർഷതാബോധം ഉള്ളവരുമായി നമ്മൾ കരുതപ്പെട്ടിരുന്നുവോ? ഉത്തരം കണ്ടെത്തുവാൻ ബുദ്ധിമുട്ടുള്ള ഒരു ചോദ്യം തന്നെയാണിത്.

ആകെക്കൂടെ നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്ന ഒരു കാര്യം

പാശ്ചാത്യ സുറിയാനി സഭാ മെത്രാന്മാരുടെ നിരയിൽ ഇന്ത്യക്കാരായവരുടെ പേരുകൾ ഒന്നുംതന്നെ പതിനേഴാം ശതകംവരെ അല്ലെങ്കിൽ ഇന്ത്യയിൽ ഉള്ള മെത്രാന്മാരായി, കാണാനേയില്ല എന്നാണ്. ആറാം ശതകം മുതൽ പതിനാലാം ശതകം വരെയുള്ള സുറിയാനി ഓർത്തഡോക്സ് സഭാമെത്രാന്മാരുടെ സമ്പൂർണമായ പേരുവിവരങ്ങൾ ഇന്ന് ലഭ്യമാണ്. മിഖായേൽ റാബോ, ഗ്രിഗോറിയോസ് ബാർ എബ്രായ, എഫേസോസിലെ യോഹന്നാൻ, സെഖറിയാ റെട്ടോർ എന്നിവരുടെ ശേഖരങ്ങളിൽ നിന്ന് പ്രൊഫ. ഏണസ്റ്റ് ഹോണിംഗ്മാൻ ഏറെ കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വിശദമായ പരിശോധനകളിൽ ഒരൊറ്റ ഭാരതീയ മെത്രാന്റെയും പേരുവിവരം കണ്ടെടുക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ സിറിയ, ഫിനിഷ്യ, മെസപ്പൊട്ടോമിയ, അറേബ്യ, സിലിഷ്യ, ഇസൗറിയ, കപ്പൊദോക്യ, അർമീനിയ, ഏഷ്യാമൈനർ, പംഫീലിയ, ലയക്കോണിയ, ഫ്രിജിയ മുതലായ പ്രദേശങ്ങളിൽ നിന്നുള്ള ശതക്കണക്കിന് മെത്രാന്മാരുടെ വിവരങ്ങൾ അദ്ദേഹത്തിന് ലഭ്യമായി. ഈ പ്രദേശങ്ങളത്രയും ആറാം ശതകംവരെ സിറിയൻ പാത്രിയർക്കീസിന്റെ അധീനതയിൽ ആയിരുന്നു.

ഗ്രീക്ക് സഭാനേതാക്കന്മാരും സുറിയാനിസഭാ നേതാക്കന്മാരും തമ്മിൽ അന്ത്യോഖ്യൻ പാത്രിയർക്കീസായിരുന്ന മാർ സേവേറിയോസിന്റെ കാലത്തും (512–518) എഡേസയിലെ മെത്രാപ്പോലീത്തായായിരുന്ന മാർ യാക്കോബ് ബുർദാനയുടെ കാലത്തും (542–578) നടത്തിയിരുന്ന ചർച്ചകൾക്കുശേഷവും ഇന്ത്യയ്ക്കുവേണ്ടി ഒരു മെത്രാനെ വാഴിച്ചതായി ഒരിടത്തും വായിക്കുന്നില്ല. അന്ത്യോഖ്യയിൽ രണ്ടു പാത്രിയർക്കീസുമാരെയും ആയിരക്കണക്കിന് (ഒരു ലക്ഷത്തിരണ്ടായിരം എന്ന് ചില രേഖകൾ) വൈദികരെയും സിറിയൻ, ഈജിപ്ത് സഭകൾക്കുവേണ്ടി മാർ യാക്കോബ് ബുർദാന വാഴിച്ചുവെങ്കിലും ഇന്ത്യയ്ക്കുവേണ്ടി ഒരൊറ്റ മെത്രാനെയെങ്കിലും വാഴിച്ചതായി കാണുന്നില്ല. മാർ യാക്കോബ് ബുർദാന വാഴിച്ച ഇരുപത്തിയേഴു മെത്രാന്മാരുടെയും പേരുവിവരങ്ങൾ അവരുടെ ഭദ്രാസനങ്ങൾ സഹിതം എഫേസോസിലെ യോഹന്നാന്റെ രേഖകളിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ഈജിപ്റ്റിനു വേണ്ടി പന്ത്രണ്ട് മെത്രാന്മാരെയാണ് മാർ യാക്കോബ് ബുർദാന വാഴിച്ചത്. 566–578 കാലഘട്ടത്തിൽ സിറിയൻ ഓർത്തഡോക്സ് സഭയിൽ വാഴിക്കപ്പെട്ട മെത്രാന്മാരുടെ പൂർണ്ണമായ വിവരങ്ങൾ പരിശോധിക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്; അവയിൽ ഇന്ത്യയിലേക്ക് ഒരു മെത്രാനെ വാഴിച്ചതായി എവിടെയും പറയുന്നില്ല.

അങ്ങനെ വരുമ്പോൾ, ഈ വർഷങ്ങളിൽ സിറിയയിൽ ഇന്ത്യയ്ക്കുവേണ്ടി ഒരൊറ്റ മെത്രാനെപ്പോലും വാഴിച്ചിട്ടില്ലാത്ത സാഹചര്യം നിലനിൽക്കവേ, ഇന്ത്യയിലെ സഭ എങ്ങനെയായിരുന്നിരിക്കും നിലനിന്നു പോന്നത്?

ഈ ചോദ്യത്തിനുള്ള ഉത്തരം നമുക്കു ലഭ്യമാകുന്നത് പേർഷ്യൻ അഥവാ നെസ്തോറിയൻ സഭാരേഖകളിൽ നിന്നു മാത്രമാണ്. പേർഷ്യനായ യോഹന്നാൻ 325-ലെ നിഖ്യാ സുന്നഹദോസിൽ പേർഷ്യയെയും വിശാല ഇന്ത്യയെയും പ്രതിനിധീകരിച്ച് സംബന്ധിച്ചിരുന്നതായി നമ്മൾ കേട്ടിട്ടുണ്ട്. സിറിയൻ സഭാചരിത്രകാരനായിരുന്ന മീഖായേൽ റാബോ (+ 1198) രേഖപ്പെടുത്തിയിരിക്കുന്ന നിഖ്യാ സുന്നഹദോസിലെ മെത്രാന്മാരുടെ നിരയിൽ പേർഷ്യനായ യോഹന്നാനെ മെസൊപ്പൊട്ടോമിയായിൽ നിന്നുള്ള മെത്രാന്മാരുടെ കൂട്ടത്തിലാണ് കാണിച്ചിരിക്കുന്നത്. അദ്ദേഹം ഇന്ത്യൻ വംശജൻ ആയിരുന്നിരിക്കില്ലായെങ്കിലും തന്റെ അധികാരസീമയിൽ ഇന്ത്യയിലെ പാർത്ഥ്യൻ സാമ്രാജ്യത്തിന്റെ ഏതാനും ഭാഗങ്ങൾ ഉണ്ടായിരുന്നിരിക്കണം.

കൽക്കദൂൻ സുന്നഹദോസിൽ (451) സംബന്ധിച്ചിരുന്നവരുടെ നീണ്ടനിരയിൽ ഇന്ത്യൻ മെത്രാന്മാരുടെ പേരുകൾ ഒന്നുംതന്നെ കാണ്മാനില്ല. നെസ്തോറിയൻ രേഖകളിൽ (ഇബ്ൻ - അത് - തയിബ് ന്റെ കാനോനകൾ) ദക്ഷിണ പേർഷ്യയിലെ ഫാർസ് മെത്രാസനം (Parat Maishan) ഇന്ത്യയിലെ വിശ്വാസികളുടെ മേൽനോട്ടവും വഹിച്ചിരുന്നതായി പറയുന്നുണ്ട്. ഫാർസ് മെത്രാസനം രൂപീകരിച്ചത് ഇഷാക്ക്യുടെയോ (399–410) യാബ്-അലാഹാ കാതോലിക്കായുടെയോ (415–420) ഭരണകാലത്തായിരുന്നുവെന്ന് കരുതപ്പെടുന്നു. പിന്നീട് പേർഷ്യൻ സഭ ഇഷോ-യാഹബ് പാത്രിയർക്കീസിന്റെ ഭരണസമയത്ത് (ഈ കാലമായപ്പോഴേക്കും കിഴക്കിന്റെ കാതോലിക്കായുടെ സ്ഥാനനാമം ബാഗ്ദാദ് പാത്രിയർക്കീസ് എന്ന് മാറിയിരുന്നു) ഇന്ത്യയ്ക്കുവേണ്ടി ഒരു മെത്രാപ്പോലീത്തായെ നിയമിച്ചിരുന്നതായി കാണുന്നു. എന്നാൽ ഇത് ഏത് ഇഷോ-യാഹബ് ആയിരുന്നുവെന്ന് മനസിലാക്കുവാൻ സാധിക്കുന്നില്ല. ഈ പേരിൽ ആറാം ശതകത്തിൽ ഒരാളും (582–595) ഏഴാം ശതകത്തിൽ രണ്ടു പേരും (628–643, 650–660) പാത്രിയർക്കീസ് സ്ഥാനം വഹിച്ചിരുന്നു. അതെന്തായാലും ശരി, ഇതാദ്യമായി ഇന്ത്യയ്ക്കുവേണ്ടി ഒരു മെത്രാപ്പോലീത്താ ഉണ്ടായിരുന്നുവെന്ന വ്യക്തമായ ധാരണ നമുക്കു ലഭ്യമാകുന്നത് ഇവിടെയാണ്, അതും ഏഴാം ശതകത്തിൽ. പതിന്നാലാം ശതകത്തിലെ അബ്ദീഷോയുടെ ദിനവൃത്താന്തത്തിൽ ഇന്ത്യയുടെ മെത്രാപ്പോലീത്തായുടെ സ്ഥാനം ചൈനയുടെ മെത്രാപ്പോലീത്തായ്ക്കു മുകളിലായിരുന്നുവെന്ന് കാണുന്നു. എന്നാൽ ഏതാണ്ട് അതേകാലത്തുതന്നെ ഉണ്ടായിരുന്ന മറ്റൊരു ദിനവൃത്താന്തം അനുസരിച്ച് ചൈനയുടെ മെത്രാപ്പോലീത്താ പേർഷ്യൻ സഭയിൽ പന്ത്രണ്ടാമനും ഇന്ത്യയുടെ മെത്രാപ്പോലീത്താ പതിമൂന്നാമനും ആയിരുന്നുവെന്ന് പറയുന്നു. ഇപ്പറയുന്ന പേർഷ്യൻ സഭയുടെ മെത്രാപ്പോലീത്തായുടെ ഇന്ത്യയിലെ ആസ്ഥാനം എവിടെയായിരുന്നുവെന്ന് വ്യക്തമായ സൂചനകളൊന്നും ലഭ്യമല്ല. അത് മലബാറിൽ ആയിരുന്നിരിക്കാം; ബോംബെയ്ക്കു സമീപം കല്യാണോ, കേരളത്തിലെ കൊല്ലമോ ആയിക്കൂടായ്കയുമില്ല.

'അപ്പോസ്തലന്മാരുടെ പഠിപ്പിക്കലുകൾ' (Doctrine of Apostles) എന്ന പേരിൽ നാലാം ശതകത്തോടെയെങ്കിലും അതിന്റെ ഇപ്പോഴത്തെ രീതിയിൽ തയ്യാറാക്കപ്പെട്ട രേഖയിൽ, അപ്പോസ്തോലനായ തോമാ ഇന്ത്യയിൽ "പൗരോഹിത്യ കൈവെപ്പ്" നൽകിയെന്ന് വ്യക്തമായി പറയുന്നുണ്ട്. യവന ഭാഷയിൽ നിന്ന് ഏതാനും ഗ്രന്ഥങ്ങൾ സുറിയാനിയിലേക്ക് ഭാഷാന്തരം ചെയ്ത ഒരു ഫാ. ദാനിയേലിന്റെ പേര് നാം കേട്ടിട്ടുണ്ട്. എന്നാൽ സിലോൺ, മലബാർ, കല്യാൺ, ഉത്തര-പശ്ചിമ ഇന്ത്യ എന്നിവിടങ്ങളിൽ വിശ്വാസികളുടെയും വൈദികരുടെയും സാന്നിദ്ധ്യത്തെപ്പറ്റി ആറാം ശതകത്തിൽ ബോഡ്മസ് ഇൻഡിക്കോപ്ലസ്റ്റസ് പറയുന്നുണ്ടെങ്കിലും മെത്രാന്മാരെക്കുറിച്ച് ഒന്നുംതന്നെ കേട്ടിട്ടില്ല. അതേസമയം ഇവിടെ വൈദികർ എന്ന സംജ്ഞയിൽ മെത്രാന്മാരും ഉൾപ്പെടുന്നുണ്ടോ എന്ന് തീർച്ചയില്ല താനും. അതെന്തൊക്കെയായാലും, ഈ കാലഘട്ടത്തിൽ, അതായത് ഏതാണ്ട് എ.ഡി. 525-ൽ "പേർഷ്യയിൽ നിയമിതനായ ഒരു പ്രെസ്ബിറ്റർ" മാത്രമായിരുന്നു മലബാറിന് ഉണ്ടായിരുന്നത്; എന്നാൽ ഉത്തര-പശ്ചിമ ഇന്ത്യയിൽ മെത്രാന്മാർ ഉണ്ടായിരുന്നുവത്രെ.

പേർഷ്യയിലോ സിറിയയിലോ ആണ് വാഴിക്കപ്പെടേണ്ടതെങ്കിൽ ദക്ഷിണേന്ത്യയിൽ മെത്രാന്മാരുടെ അഭാവത്തിനു കാരണം മനസ്സിലാക്കാവുന്നതേയുള്ളു. ഇന്ത്യയിൽ വന്ന് മെത്രാന്മാരെ വാഴിക്കുക എന്നത് പല കാരണങ്ങൾകൊണ്ടും ഫാർസിലെ മെത്രാപ്പോലീത്തന്മാർക്ക് സാദ്ധ്യമാകുന്ന ഒന്നായിരുന്നില്ല. അന്ന് സഭയിൽ നിലനിന്നിരുന്ന വിവിധ പ്രശ്നങ്ങൾ നിമിത്തം ഫാർസിലെ ആവശ്യങ്ങൾക്കുപോലും മെത്രാന്മാരെ വാഴിക്കുവാൻ അവർ ഏറെ ബുദ്ധിമുട്ടിയിരുന്നുവെന്ന് മാർ ആബാ പ്രഥമന്റെ നിയമനിർവഹണ പ്രവൃത്തികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇസ്ലാമിന്റെ പ്രവർത്തനങ്ങളാൽ ഫാർസിന്റെ നിലനില്പുതന്നെ സംശയാസ്പദമായ സാഹചര്യത്തിൽ മാത്രമാണ് പേർഷ്യൻ സഭ ഇന്ത്യയിൽ ഒരു മെത്രാസനത്തിന് രൂപംകൊടുത്തത്.

ഇസ്ലാം ഫാർസിനെ അധീശത്വത്തിലാക്കുന്നതിനു മുമ്പുതന്നെ, ഇന്ത്യയിലേക്ക് മെത്രാന്മാരെ വാഴിക്കേണ്ട ഉത്തരവാദിത്വം അവിടുത്തെ മെത്രാപ്പോലീത്തായ്ക്ക് ഉണ്ടായിരുന്നുവെങ്കിലും, അത് ചെയ്യാതിരുന്നത് അദ്ദേഹത്തിന്റെ ഭാഗത്തുണ്ടായ വീഴ്ച തന്നെയായിരുന്നു. അവിടുത്തെ കാതോലിക്കാ-പാത്രിയർക്കീസ് ഇതിനു പറയുന്ന പ്രധാന കാരണം ഇന്ത്യാക്കാർ ആവശ്യത്തിനുള്ള പണം മെത്രാപ്പോലീത്തായ്ക്ക് നൽകിയിരുന്നില്ല എന്നത്രെ. പൗരസ്ത്യ സുറിയാനി പേർഷ്യൻ പാത്രിയർക്കീസ് ഇഷോ-യാബ് തൃതീയൻ (650–660) ഫാർസിന്റെയും ഇന്ത്യയുടെയും മെത്രാപ്പോലീത്തായായിരുന്ന മാർ ശെമ്യോന് അയച്ച കത്ത് ശ്രദ്ധേയമാണ്.

"ദൈവം സ്നേഹിക്കുന്ന എന്റെ പ്രിയ സഹോദരാ, ഞാൻ ഇപ്പറയുന്ന കാര്യങ്ങൾ ഓർമ്മയിൽ വെക്കുക. ഇന്ത്യയിലെ ബഹുജന വിശ്വാസികളുടെ ആവശ്യങ്ങൾക്ക് വേണ്ടുന്നതായ മെത്രാൻ സ്ഥാനാഭിഷേകത്തിന്റെ വാതിൽ താങ്കൾ അടച്ചുകളഞ്ഞുവല്ലോ. ജഡമോഹങ്ങളെ പോറ്റിപുലർത്തുന്ന നാശകരമായ ലാഭേച്ഛയാൽ പ്രലോഭിതനായ താങ്കൾ ഇന്ത്യയിലെ വിശ്വാസികൾക്ക് ദൈവത്തിന്റെ ദാനം തടയുകയായിരുന്നു. താങ്കളുടെ മുൻഗാമികളും ഇതേപോലെ തന്നെ ഇന്ത്യാക്കാർക്ക് ദൈവദാനം തടഞ്ഞവരായിരുന്നു. ഓർക്കുക, ലോകം മുഴുവൻ ധാരാളം മെത്രാന്മാരും വൈദികരും ആകാശത്തിലെ നക്ഷത്രജാലങ്ങൾപോലെ ദിനംപ്രതി വർദ്ധിച്ചുകൊണ്ടേയിരിക്കുന്ന വിശ്വാസിസമൂഹവും ഉണ്ട്. എന്നാൽ, താങ്കളുടെ ഭരണസീമയെ സംബന്ധിച്ചിടത്തോളം, സഭയുടെ കാനോനാകളെ ധിക്കരിച്ചുകൊണ്ട് ഇന്ത്യയിലെ വിശ്വാസികൾക്ക് വൈദിക പിൻതുടർച്ച താങ്കൾ മുറിച്ചു കളഞ്ഞു. ഇത് ഇന്ത്യയ്ക്കു മാത്രമല്ല സംഭവിച്ചി

രിക്കുന്നത്. ഇന്ത്യ പേർഷ്യൻ സാമ്രാജ്യത്തിന്റെ അതിർ മുതൽ ക്വാലാ വരെ (കൊല്ലം, കല്യാൺ, സിലോണിലെ ഗല്ലി?) 1200 പരസംഗത്തോളം (ഏതാണ്ട് 4000 മൈലുകൾ) വ്യാപിച്ചുകിടക്കുന്ന പ്രദേശമാണ് താങ്കളുടെ ഫാർസ് പ്രദേശം പോലും ഇന്ന് അന്ധകാരത്തിന്റെ നീർച്ചുഴിയിൽ പ്രകാശത്തിൽ നിന്ന് എത്രയോ അകലത്താണ്! സുവിശേഷത്തിൽകൂടി മാത്രമാണ് പ്രകാശം പ്രസരിക്കുന്നത്.” (ഇഷോ-യാബ് തൃതീയന്റെ സുറിയാനിയിലെ മൂലം ആർ. ഡുവാൽ എഡിറ്റ് ചെയ്ത് C.S.C.O. രണ്ടാം പരമ്പരയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതിന്റെ മൂന്നാം വാല്യം).

ഒരു നെസ്തോറിയൻ മെത്രാൻ ഏഴാം ശതകത്തിലും ഇന്ത്യയിൽ ഉണ്ടായിരുന്നില്ല എന്നത് വളരെ വ്യക്തമാണ്. അന്ത്യോഖ്യയിലെ പാശ്ചാത്യ സുറിയാനി പാത്രിയർക്കാ സിംഹാസനം ഈ കാലത്തൊന്നും ഇന്ത്യയ്ക്കുവേണ്ടി ഒരു മെത്രാനെ വാഴിച്ചിരുന്നില്ലായെന്ന് നാം കണ്ടുകഴിഞ്ഞു.


അന്ന് നമുക്കുണ്ടായിരുന്ന സഭ ഏതുവിധത്തിൽ ഉള്ളതായിരുന്നു? ആരാധനയ്ക്ക് സുറിയാനി ഭാഷ നാം ഉപയോഗിച്ചിരുന്നോ? നമ്മൾ ഉപയോഗിച്ചിരുന്നത് പാശ്ചാത്യ സുറിയാനി ആരാധനാക്രമം ആയിരുന്നുവോ? അതോ പൗരസ്ത്യ സുറിയാനി ആരാധനാക്രമമോ? നെസ്തോറിയോസിന്റെ ആത്മീയഗുരുക്കന്മാരായ ദിയോദോർ, തെയോദോർ എന്നിവരുടെ രചനകൾ യവന ഭാഷയിൽ നിന്ന് സുറിയാനി ഭാഷയിലേക്ക് ഭാഷാന്തരം ചെയ്തത് ഫാർസിലെ മെത്രാപ്പോലീത്താ ആയിരുന്ന മാനാ റിവാർദാശീർ ഏതാണ്ട് എ.ഡി. 470-ൽ ഇന്ത്യയിലേയ്ക്ക് അയച്ചിരുന്നു. ഇന്ത്യയിൽ സുറിയാനി ഭാഷ വശമുള്ള ചിലരെങ്കിലും അന്ന് ഇവിടെ ഉണ്ടായിരുന്നുവെന്നതിന് ഇത് ഒരു തെളിവായി കാണാവുന്നതാണ്; തന്നെയുമല്ല, നെസ്തോറിയൻ ആരാധനാരീതികൾ നെസ്തോറിയൻ സാഹിത്യ രചനകളിൽ കൂടി ഇന്ത്യാക്കാർക്ക് അഞ്ചാം ശതകത്തിന്റെ അവസാനത്തോടുകൂടിയെങ്കിലും പരിചിതമായിരുന്നുവെന്നും മനസിലാക്കാം.

സിറിയൻ ഓർത്തഡോക്സ് ആരാധനയിൽ ഇക്കാലത്ത് ഉപയോഗിച്ചുവരുന്ന പാശ്ചാത്യ സുറിയാനി ആരാധനാക്രമങ്ങൾ ആ കാലഘട്ടത്തിൽ ഇന്ത്യാക്കാർക്ക് പരിചിതമായിരുന്നുവെന്നതിന് നമ്മുടെ മുമ്പിൽ തെളിവുളൊന്നും ഇല്ലതാനും. അന്ത്യോഖ്യയിലെ പാശ്ചാത്യ സുറിയാനി പാത്രിയർക്കാ സിംഹാസനം ഇന്ത്യയിലേക്ക് മെത്രാന്മാരെ വാഴിച്ചിരുന്നുവെന്നതിന് യാതൊരു രേഖകളും നമുക്ക് ലഭ്യമല്ല. വാസ്തവത്തിൽ കാനാവിലെ തോമായുടെ വ്യാപാരസമൂഹം ഇവിടേക്കു കുടിയേറിയതിനപ്പുറം അന്ത്യോഖ്യയിലെ സുറിയാനി പാത്രിയർക്കാ സിംഹാസനവുമായി ഏതെങ്കിലുംവിധത്തിലുള്ള ബന്ധം ഈ പറയുന്ന കാലത്ത് നമുക്ക് ഉണ്ടായിരുന്നതിനും യാതൊരു തെളിവുകളും ഇല്ല.

ഇന്ന് നമുക്ക് ലഭ്യമായിട്ടുള്ള ചരിത്രരേഖാ ശകലങ്ങളിൽ നിന്ന് പേർഷ്യൻ അഥവാ പൗരസ്ത്യ സുറിയാനി അഥവാ നെസ്തോറിയൻ അഥവാ കൽദായ ക്രൈസ്തവ സംസ്കാരം അഞ്ചാം ശതകത്തിന്റെ അന്ത്യത്തോടെ ഇന്ത്യയിൽ എത്തിയതായി ചിന്തിക്കാവുന്നതത്രെ.

അതേസമയം തന്റെ സഭാസംബന്ധ ദിനവൃത്താന്തത്തിൽ ബാർ എബ്രായ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പ്രസ്തുത സംഭവങ്ങളുടെ മറ്റൊരു ചിത്രം ചൂണ്ടിക്കാണിക്കുന്നു.

ബാഗ്ദാദിലെ നെസ്തോറിയൻ കാതോലിക്കാ-പാത്രിയർക്കീസും അദ്ദേഹത്തിന്റെ ദക്ഷിണ പേർഷ്യൻ മെത്രാസനവും തമ്മിൽ ഉണ്ടായിരുന്ന അഭിപ്രായ ഭിന്നതകളുടെ മൂലകാരണം എന്തായിരുന്നു? വളരെ വേഗം പൗരസ്ത്യ സുറിയാനി കാതോലിക്കാ സിംഹാസനം നെസ്തോറിയൻ വിശ്വാസം സ്വീകരിച്ചതിനോട് ദക്ഷിണ പേർഷ്യക്കാർക്ക് ഉണ്ടായിരുന്ന എതിർപ്പായിരുന്നോ ഇതിന്റെ കാരണം? ബാർ എബ്രായയുടെ രേഖകൾ വ്യക്തമായി സൂചിപ്പിക്കുന്നത് ആ ഒരു വിധത്തിലാണ്. പേർഷ്യൻ സഭയുടെ ദക്ഷിണ പ്രവിശ്യയും (റിവാർ ദാശീറിന്റെ ഫാർസ്) ഇന്ത്യയിലെ സഭയും നെസ്തോറിയൻ വിശ്വാസം സ്വീകരിക്കുവാൻ വൈമുഖ്യം കാണിച്ചിരുന്നു. അഞ്ചാം ശതകത്തിന്റെ അവസാനം ആയപ്പോഴേക്കും പലതവണ ഈ വിശ്വാസം ഇന്ത്യയിൽ പ്രചരിപ്പിക്കുവാൻ ശ്രമം നടത്തിയിരുന്നു. ഏഴും എട്ടും ശതകങ്ങളിൽ ഈഷോ-യാബ് തൃതീയന്റെയും തിമോത്തി പ്രഥമന്റെയും (നെസ്തോറിയൻ പാത്രിയർക്കീസുമാർ) ഭരണകാലത്ത് ബാഗ്ദാദിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു സ്വതന്ത്ര നെസ്തോറിയൻ മെത്രാസനം ഇന്ത്യയിൽ രൂപീകരിക്കുവാൻ നടത്തിയ ശ്രമങ്ങൾ ദക്ഷിണ പേർഷ്യൻ വിശ്വാസികൾ നെസ്തോറിയൻ വിശ്വാസത്തിന് വിരുദ്ധരായി നിന്നതിനെ ബന്ധപ്പെടുത്തി മാത്രം കാണാനേ നിവൃത്തിയുള്ളു. എന്തൊക്കെ സാഹചര്യത്തിലായാലും അഞ്ചാം ശതകത്തിൽപോലും ദക്ഷിണ പേർഷ്യൻ സഭ



യോടുള്ള ബന്ധത്തിൽ കഴിഞ്ഞിരുന്ന ഇന്ത്യാക്കാർ നെസ്താറിയന്മാരായിരുന്നില്ല.

മാർ ജോസഫ് എന്ന പേരിൽ ഒരു മെത്രാൻ കാനാവിലെ തോമായുടെ നേതൃത്വത്തിൽ ഇവിടെത്തിയ കുടിയേറ്റക്കാരുടെ സംഘത്തിൽ ഉണ്ടായിരുന്നുവെന്നത് വ്യക്തമായ ഒരു കാര്യമാണ്. ഈ സംഭവം നാലാം ശതകത്തിൽ ആയിരുന്നുവെങ്കിൽ, അവർ നെസ്തോറിയൻ വിശ്വാസികൾ ആയിരുന്നില്ലായെന്ന് സ്പഷ്ടമാണ്; കാരണം, നെസ്തോറിയൻ പഠിപ്പിക്കലുകൾ ആരംഭിക്കുന്നത് അഞ്ചാം ശതകത്തിൽ മാത്രമാണ്. സുറിയാനി ക്രിസ്ത്യാനികളുടെ യഥാർത്ഥ കേന്ദ്രമായിരുന്ന എഡേസയിൽ നിന്നായിരുന്നു മാർ ജോസഫ് വന്നത്. പ്രധാനമായും ഒരു യവനകേന്ദ്രമായ അന്ത്യോഖ്യാ ആയിരുന്നില്ല മാർ ജോസഫിന്റെ ആസ്ഥാനം. ദക്ഷിണ പേർഷ്യയിൽ ഒരു പാശ്ചാത്യ സുറിയാനി മെത്രാൻ നാലാം ശതകത്തിലുണ്ടായിരുന്നുവെങ്കിൽ പാശ്ചാത്യ സുറിയാനി പിൻതുടർച്ച ഇന്ത്യയിൽ തുടർന്നിരുന്നുവോ? അങ്ങനെ ആയിരുന്നുവെങ്കിൽ 'യാക്കോബായ' എന്നു വിളിക്കപ്പെട്ടിരുന്ന പാശ്ചാത്യ സുറിയാനി സഭയുടെയും 'നെസ്തോറിയൻ' എന്നു വിളിക്കപ്പെട്ടിരുന്ന പൗരസ്ത്യ സുറിയാനി സഭയുടെയും പാരമ്പര്യങ്ങൾ ഇന്ത്യയിൽ നിലനിന്നിരുന്നുവെന്ന് കരുതേണ്ടിയിരിക്കുന്നു, ചുരുങ്ങിയത് 1599-ലെ ഉദയംപേരൂർ സമ്മേളനം വരെയെങ്കിലും.

ഈ കാലത്തൊക്കെ പേർഷ്യയിൽ പാശ്ചാത്യ, പൗരസ്ത്യ സുറിയാനി സഭകൾ സമകാലീനരായി നിലനിന്നു പോന്നിരുന്നതായി നമുക്കറിയാം. മിഖായേൽ റാബോ പറയുന്നതനുസരിച്ച് വെറും നാല്പതു വർഷക്കാലം മാത്രം നീണ്ടുനിന്ന റോമാ-പേർഷ്യാ സഭകൾക്കിടയിലെ താൽക്കാലിക സമാധാനകാലത്ത് യാക്കോബ് ബുർദ്ദാനയ്ക്ക് പേർഷ്യയിൽ പോകുവാൻ സാധിച്ചു; അദ്ദേഹം അവിടെ ഒരു പാശ്ചാത്യ സുറിയാനി പാത്രിയർക്കീസിനെ വാഴിച്ചുവത്രെ. ഈ വാഴ്ച പേർഷ്യൻ രാജാവായിരുന്ന ഖൊസ്റു ഒന്നാമന്റെ അനുമതിയോടുകൂടെ 559-ൽ ആണ് നടന്നത്.

ഏഴും എട്ടും ശതകങ്ങളിൽ സംഭവിച്ച അറബികളുടെ അധിനിവേശം പാശ്ചാത്യ സുറിയാനി (യാക്കോബായ), പൗരസ്ത്യ സുറിയാനി (നെസ്തോറിയൻ) സഭകളുടെ പേർഷ്യയുടെ നിലനില്പ് ഖാലിഫ് സാമ്രാജ്യത്തിൽ ശക്തമാകുവാൻ ഇടയാക്കി. ഇതിനു മുമ്പേതന്നെ തിഗ്രീസിലെ മെത്രാപ്പോലീത്താ മാറൂതാ (629-649) പതിനഞ്ചു മെത്രാന്മാരുടെ മേലധികാരിയായി മഫ്രിയാനാ സ്ഥാനത്തേക്ക് അവരോധിക്കപ്പെട്ടിരുന്നു. മെസപ്പൊട്ടോമിയായും അദ്ദേഹത്തിന്റെ ഭരണസീമയിൽ ഉൾപ്പെട്ടു. എന്നാൽ ഈ മഫ്രിയാനയ്ക്ക് ഇന്ത്യയുടെ മേൽ അധികാരം ഉണ്ടായിരുന്നതായോ അദ്ദേഹത്തിന്റെ കീഴിൽ ഇന്ത്യൻ മെത്രാന്മാർ ഉണ്ടായിരുന്നതായോ സൂചനകൾ ഒന്നും ഇല്ല. അറബികൾ പാശ്ചാത്യ സുറിയാനിക്കാരോട് വളരെ സഹിഷ്ണുതാഭാവം പുലർത്തിയിരുന്നു; അന്ത്യോഖ്യൻ പാത്രിയർക്കീസുമാർപോലും തങ്ങളുടെ ആസ്ഥാനം സിറിയയിൽ ആകുന്നതിനെക്കാൾ കാലിഫുകളുടെ സാമ്രാജ്യത്തിൽ ആകുവാനാണ് താല്പര്യം പ്രകടിപ്പിച്ചിരുന്നത്.

മഹാന്മാരായ പാശ്ചാത്യ സുറിയാനി പിതാക്കന്മാരായ മാർ ദീവന്നാസിയോസ് ബർസ്ലീബി (CA 1160-1171), മാർ മിഖായേൽ റാബോ പാത്രിയർക്കീസ് (CA 1166-1199), ബാർ എബ്രായ (1226-1286) എന്നിവരുടെ ഭരണകാലത്തൊന്നും ഇന്ത്യയിലേക്കുള്ള മെത്രാന്മാരെപ്പറ്റിയുള്ള പരാമർശനങ്ങളൊന്നും കേട്ടിട്ടില്ല. മഫ്രിയാനാ തലത്തിലേക്ക് അന്ത്യോഖ്യൻ പാത്രിയർക്കീസായിട്ടോ ഇന്ത്യൻ സഭയുടെ മേൽ എന്തെങ്കിലും ഭരണാധികാരത്തെപ്പറ്റി അവർ ഒന്നും പറഞ്ഞിട്ടുമില്ല.

ഒരു വിദേശ മെത്രാന്റെ ഇന്ത്യയിലേക്കുള്ള വരവിനെപ്പറ്റി പതിനാലാം ശതകത്തിനു മുമ്പ് സാമാന്യം വ്യക്തമായ ഒരു സംഭവം കാണുന്നത് എട്ട്/ഒമ്പത് ശതകത്തിലാണ് - സാപ്പോർ, പ്രോഥ് എന്നിവരുടെ വരവ്. കൊല്ലം നഗരത്തിൽ താമസം ഉറപ്പിച്ച് തരീശാപ്പള്ളി പണികഴിച്ച ഒരു പൗരസ്ത്യ സുറിയാനി സമൂഹത്തിന്റെ കോളനി ഉണ്ടായിരുന്നു. 'തരീശ' എന്ന പദം ഒരു ഓർത്തഡോക്സ് പ്രയോഗമായിരുന്നുവെന്ന് ഓർക്കണം, അതായത് യാക്കോബായ അഥവാ പാശ്ചാത്യ സുറിയാനി സമൂഹം.

1301-ൽ കൊടുങ്ങല്ലൂരിൽ വെച്ച് തയാറാക്കിയതും ഇപ്പോൾ വത്തിക്കാനിൽ സംരക്ഷിച്ചുപോരുന്നതുമായ ഒരു സുറിയാനി രേഖയിൽ പതിനാലാം ശതകത്തിലെ മാർ യൂഹാനോനെക്കുറിച്ചുള്ള പരാമർശമാണ് കുറെക്കൂടി വ്യക്തതയുള്ള ചരിത്ര സംഭവം. "തോമാ ശ്ലീഹായുടെ സിംഹാസനത്തിൽ ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്താ" എന്ന് ഈ മാർ യൂഹാനോൻ പറയപ്പെട്ടിരുന്നു. പാശ്ചാത്യ രേഖകളിൽ ഇന്ത്യയുടെ മെത്രാൻ മെത്രാപ്പോലീത്തായെന്നും കാതോലിക്കായെന്നും അപൂർവമായെങ്കിലും പാത്രിയർക്കീസെന്നും തിരിച്ചും മറിച്ചും പറയപ്പെട്ടിരുന്നു. ഏതാണ്ട് ഈ കാലം മുതൽക്ക് നിലനിന്നിരുന്ന അവകാശവാദങ്ങൾ മൂന്ന് കക്ഷികൾ തമ്മിലായിരുന്നു:

(എ) ബാഗ്ദാദിലെ 'നെസ്തോറിയൻ' പാത്രിയർക്കീസ്, (ബി) ബാഗ്ദാദിലെ യൂണിയേറ്റ് കൽദായ പാത്രിയർക്കീസ് (സി) പോർട്ടുഗീസുകാരും ഇതര റോമൻ സഭാ അധികാരികളും. അങ്ങനെയാണ് യാക്കോബായ സമൂഹം അഥവാ പാശ്ചാത്യ സുറിയാനി സമൂഹം സിറിയയുടെയും പേർഷ്യയുടെയും ആഭ്യന്തരകലഹങ്ങളിൽ കുടുങ്ങി ഏതാണ്ട് ദുർബലമായിപ്പോയത്; ഇന്ത്യയുടെ ആത്മീയ ആവശ്യങ്ങൾക്കു ചെവികൊടുക്കുവാൻ അല്ലെങ്കിൽ ശ്രദ്ധ പതിപ്പിക്കുവാൻ അവർക്കാർക്കും സമയമോ അവസരമോ ഇല്ലാതെപോയി.

ഈ സമീപകാലത്തു മാത്രമാണ് തോമാ ശ്ലീഹായുടെ സഭ സാവകാശം സ്വയംശീർഷകത്വം നേടിയത്. മാർതോമായുടെ ക്രൈസ്തവ സമൂഹത്തിലെ റോമൻ കത്തോലിക്കാ വിഭാഗവും വൈദേശികാധിപത്യത്തിൽ നിന്ന് വിടുതൽ നേടുവാനുള്ള ഉദ്യമങ്ങൾ ആരംഭിച്ചു കഴിഞ്ഞുവെങ്കിലും ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേരുവാൻ ഏറെ സമയം എടുക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട; കാരണം അവർ പരിശീലിപ്പിക്കപ്പെട്ടിരിക്കുന്നത് പൂർണമായും പാശ്ചാത്യ വേദശാസ്ത്രത്തിലും ആദ്ധ്യാത്മികതയിലും പാരമ്പര്യത്തിലും അടിസ്ഥാനമിട്ടുകൊണ്ടാണ്. സുറിയാനി ഓർത്തഡോക്സ് സമൂഹത്തിനാകട്ടെ, തനതായ ഇന്ത്യൻ തദ്ദേശീയ ക്രൈസ്തവസമൂഹമായി രൂപപ്പെട്ടുവരുവാൻ പ്രായേണ എളുപ്പമാണ്; കാരണം, പൗരസ്ത്യ പാരമ്പര്യം ഇന്ത്യയുടെ ആത്മാവിനോടും ആദ്ധ്യാത്മികതയോടും ഏറെ അടുപ്പം വച്ചുപുലർത്തുന്നുണ്ട്.

ഒരുപക്ഷേ, ലേശം വിചിത്ര ചിന്താഗതിയെന്നു തോന്നിയേക്കാം, എങ്കിലും തികച്ചും സംഭവ്യമായേക്കാവുന്ന ഒരു കാര്യമാണ് തോമാശ്ലീഹാ നട്ടുനനച്ച ഇന്ത്യയിലെ ക്രിസ്തുമതം യഥാർത്ഥമായി പുഷ്പിച്ച് പരിലസിക്കുന്നത് 21-ാം ശതകത്തിൽ ആയിരിക്കാം എന്നത്. തക്കതായ വിധം വളമിട്ട് 1970-2000 കാലത്ത് പരിപോഷിപ്പിക്കുന്നതായാൽ സുറിയാനി ഓർത്തഡോക്സ് സഭയെക്കൊണ്ട് ഇന്ത്യയിലെ ഇതര ക്രൈസ്തവ സമൂഹങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും വരുംശതകത്തിൽ ശക്തമായ, ഊർജ്ജസ്വലമായ ഒരു ഇന്ത്യൻ ക്രൈസ്തവികതയ്ക്ക് രൂപവും ഭാവവും കൊടുക്കുവാനും സാധിക്കും.

ആ വിധത്തിൽ ഒരു പരിപോഷണത്തിന് താഴെപ്പറയുന്ന ഘടകങ്ങൾ അഭികാമ്യമായിരിക്കുമെന്ന് കരുതട്ടെ.

(എ) സഭയിൽ നിലനിൽക്കുന്ന അർത്ഥരഹിതമായ വാദപ്രതിവാദങ്ങൾക്കും അധികാര വടംവലികൾക്കും സ്ഥാനമാനങ്ങളോടുള്ള അഭിവാഞ്ചകൾക്കും നമ്മുടെ ഊർജ്ജം വിനിയോഗിക്കുന്നതിൽ നിന്ന് പിൻതിരിയുക.

(ബി) അച്ചടക്കമുള്ള, സമർപ്പണബോധമുള്ള ഒരു വലിയ സംഘം വൈദികരെ വാർത്തെടുക്കുവാൻ പരമാവധി ശ്രദ്ധ പതിപ്പിക്കുക.

(സി) ആദ്ധ്യാത്മികതയുടെ തനതുഭാവം തിരിച്ചറിഞ്ഞുകൊണ്ട് 'ബസേലിയൻ സന്യാസത്വം' മാതൃകയാക്കി ഒരു സന്യാസപ്രസ്ഥാനം രൂപീകരിക്കുക.

(ഡി) ആഴത്തിലുള്ള അറിവ് നേടുവാനും ക്രിസ്തുവിൽ സമർപ്പിതരാകുവാനും തക്കവണ്ണം ആവശ്യത്തിന് പദ്ധതികൾക്ക് രൂപകല്പന കൊടുത്തുകൊണ്ട് ചെറുപ്പക്കാരും വിദ്യാർത്ഥികളും ഉൾപ്പെടെയുള്ള ഒരു സ്ത്രീപുരുഷ അയ്മേനി സമൂഹത്തെ വളർത്തിയെടുക്കുക.

ഈ അടുത്ത കാലത്തു മാത്രമാണ് ഒരു യഥാർത്ഥ എപ്പിസ്കോപ്പൽ സുന്നഹദോസിന് ഉപയുക്തമാകത്തക്കവണ്ണം ഒരു മെത്രാൻസംഘം നമുക്ക് ലഭിച്ചിരിക്കുന്നത്. പരിശുദ്ധാത്മ വ്യാപാരം ക്രിസ്തുവിന്റെ സഭയിൽ സജീവമാകുവാൻ തക്ക പരിചയവും അറിവും ഉള്ള ഒരു എപ്പിസ്കോപ്പൽ സുന്നഹദോസ് ഫലപ്രദമാകുവാൻ ഒരുപക്ഷെ ഏതാനും തലമുറകൾ കൂടി കാത്തിരിക്കേണ്ടിവന്നേക്കാം.

ഇതിനിടയിലും സഭയെ ശരിയായ രീതിയിൽ പരിപാലിച്ചു നയിക്കേണ്ടത് ആവശ്യമാണ്. മനുഷ്യൻ നടുന്നു, മനുഷ്യൻ നനയ്ക്കുന്നു, പക്ഷെ ദൈവം ഫലം പുറപ്പെടുവിക്കുന്നു. തോമാ ശ്ലീഹാ നട്ടു, ഒരുപാടുപേർ നനച്ചു, നാം ക്രിസ്തുവിനോട് വിശ്വസ്തരായിരിക്കുന്നിടത്തോളം നമ്മളെ വർദ്ധിപ്പിക്കുന്നതിൽ നിന്ന് ഒരിക്കലും ദൈവം പിന്മാറുകയില്ല.

(പ. മാർത്തോമ്മാ ശ്ലീഹായുടെ 19-ാം ചരമ ശതാബ്ദി സുവനീർ, 1972. മലയാള വിവർത്തനം: ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ)

❑



മസ്കറ്റ് ഗാല, സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ പത്താമത് വാർഷികത്തോട് അനുബന്ധിച്ചു (ഹൂബോ 2023) ഭവനദാന പദ്ധതിപ്രകാരം നിർമ്മാണം പൂർത്തീകരിച്ച ഭവനത്തിന്റെ കൂദാശയും താക്കോൽ ദാനം 2024 ജനുവരി 28-നു ഡോ. ഗീവർഗീസ് മാർ തെയോഫിലോസിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

ചരിത്ര നോവൽ

അഞ്ചാം മാർത്തോമ്മായുടെ പീഡാനുഭവം അഥവാ ഡച്ചുകാരുടെ പന്തീരായിരം

ചിത്രമെഴുത്തു കെ. എം. വറുഗീസ്

VIII

അഞ്ചാം മാർത്തോമ്മായെ ബന്ധനത്തിൽ നിന്നു വിമുക്തനാക്കുന്നതിലേക്കു അദ്ദേഹത്തിന്റെ പക്ഷക്കാർ വമ്പിച്ച തോതിൽ പണപ്പിരിവ് നടത്തുവാൻ ഉത്സാഹിക്കുന്നതായി കേൾക്കുന്നതു വെറും കമ്പമാണെന്ന് വിശ്വസിച്ചിരുന്ന ഇവിടെയുണ്ടായിരുന്ന ശീമക്കാരായ മേല്പട്ടക്കാർക്ക് മെത്രാപ്പോലീത്താ കോട്ടയിൽ നിന്നും പുറത്തിറങ്ങി എന്നുള്ള വൃത്താന്തം എന്തെന്നില്ലാത്ത ഉൾപ്പിടപ്പ് ഉണ്ടാക്കി. മാർത്താണ്ഡവർമ്മ മഹാരാജാവ് ഇതിനിടയിൽ സ്വർഗ്ഗാരോഹണം ചെയ്കയും കാർത്തിക തിരുനാൾ ധർമ്മരാജാവ് സിംഹാസനാരൂഢനാവുകയും ചെയ്തു. പീത്തമ്മത്തങ്കിയുടെ തങ്കക്കൈവിരലുകൾ കൊണ്ടു സമാരംഭിച്ചതായ പണപ്പിരിവു അപ്പോഴേക്കു പതിനായിരം രൂപയായി വർദ്ധിച്ചു സ്വരുകൂട്ടിയെങ്കിലും അക്കഥ ഗൂഢമായിരിക്കണമെന്ന് “നിരണം പ്രമാണി”കൾ നേരത്തെ നിശ്ചയിച്ചിരുന്നതിനാൽ പരദേശമെത്രാൻ പക്ഷക്കാർക്ക് അതിനെ സംബന്ധിച്ചു വിശദവിവരങ്ങൾ ഒന്നും ഗ്രഹിപ്പാൻ കഴിഞ്ഞില്ല. സ്വപുത്രിയുടെ രോഗശമനത്തോടുകൂടി പോക്കുമൂസാ മരക്കാർക്കു അഞ്ചാം മാർത്തോമ്മായുടെ തപപ്രഭാവശക്തിയെ സംബന്ധിച്ചു വലുതായ ഭയം അങ്കുരിച്ചു. അതിനാൽ വിധിക്കടം ഈടാക്കുന്ന വിഷയത്തിൽ ഇനി താനായിട്ടു മുന്നിട്ടു നിന്നു പ്രവർത്തിപ്പാൻ കഴികയില്ലെന്ന് നിശ്ചയിച്ചു. അദ്ദേഹം ആ ഭാരം കൊട്ടാരക്കര കൊച്ചിട്ടിത്തരകനെ ഏൽപിച്ചു. മെത്രാപ്പോലീത്തായുടെ പക്ഷക്കാർക്ക് 14000 രൂപാ വിധിക്കടം തീർപ്പാൻ നിവൃത്തിയില്ലാത്ത നിലയിൽ അഞ്ചാം മാർത്തോമ്മാ ബറ്റേവിയായിൽ ബന്ധനസ്ഥനായി തീരുന്നപക്ഷം തെക്കൻ ഇടവകകൾ അൽപകാലത്തിനുള്ളിൽ ശീമമെത്രാപ്പോലീത്തായിക്ക് പൂർണ്ണമായി കീഴ്പ്പെടുന്നതാണെന്നുള്ള പരദേശമെത്രാന്മാരുടെ ദൃഢവിശ്വാസത്തിനു അപ്പോഴും യാതൊരു ശൈഥില്യവും സംഭവിച്ചിരുന്നില്ല. അതിനാൽ കാലാവധി അവസാനിച്ചതോടുകൂടി അഞ്ചാം മാർത്തോമ്മായെ വീണ്ടും വാറണ്ടിൽ പിടിപ്പാൻ പരദേശമെത്രാന്മാർ കൊച്ചിട്ടിത്തരകനെ പ്രോത്സാഹിപ്പിച്ചു തുടങ്ങി. മെത്രാപ്പോലീത്താ ഇതിനിടയ്ക്കു ഡച്ചുകാരുടെ കേവുബില്ലിന്റെ അന്യായതയെ വിവരിച്ചുകൊണ്ട് വിധിക്കടത്തെപ്പറ്റി പുനരാലോചന ചെയ്‌വാൻ കാർത്തിക തിരുനാൾ മഹാരാജാവ് തിരുമനസ്സിലെ കാരുണ്യത്തോട് അപേക്ഷിക്കുകയുണ്ടായി. അതനുസരിച്ചു അടുത്തുതന്നെ മഹാരാജാവ് തിരുമനസ്സുകൊണ്ട് മാവേലിക്കര എഴുന്നള്ളിയിരുന്ന അവസരത്തിൽ ഇരുപക്ഷത്തേയും ന്യായവാദങ്ങൾ കേൾപ്പാനായി അഞ്ചാം മാർത്തോമ്മായെയും പരദേശമെത്രാന്മാരേയും കൊച്ചിട്ടിത്തരകനേയും തിരുമുമ്പാകെ വരുത്തി. ഇതു 938-ാമാണ്ടു അവസാനത്തോടു കൂടിയായിരുന്നു. മഹാരാജാവും സുബ്ബയ്യൻ ദളവായും കൂടി രേഖകൾ മുഴുവൻ പരിശോധിക്കുകയും വാദപ്രതിവാദങ്ങൾ മുഴുവൻ ക്ഷമാപൂർവ്വം ശ്രവിക്കുകയും ചെയ്തു. മെത്രാപ്പോലീത്താ തിരുമനസ്സിലെ പക്ഷക്കാർ വിചാരിച്ചാൽ പണം അടപ്പാൻ പ്രയാസമില്ലെന്നും ഒരു വലിയ സംഖ്യ ഇതിനകം അവർ പിരിച്ചു സൂക്ഷിച്ചിട്ടുണ്ടെന്നും, ആ വക പണം അടച്ചു വിധിക്കടം തീർക്കാത്തതു മെത്രാപ്പോലീത്താ തിരുമേനിയുടെ ദുരുപദേശവും ദുർബുദ്ധിയും കൊണ്ടു മാത്രമാണെന്നും മറ്റും തരകൻ മെത്രാപ്പോലീത്തായുടെ പേരിൽ വളരെയധികം ദോഷാരോപണം ചെയ്കയുണ്ടായി. മെത്രാപ്പോലീത്തായാവട്ടെ പരദേശമെത്രാന്മാരെ വരുത്തുന്നതിലേക്ക് 4000 രൂപാ മാത്രമെ ഡച്ചു ഗവർണ്ണരുമായി ഉടമ്പടി ചെയ്തിട്ടുള്ളുവെന്നും തന്റെ അറിവും സമ്മതവും കൂടാതെ വരുത്തികൂട്ടീട്ടുള്ള കടങ്ങൾക്ക് താൻ ഉത്തരവാദിയല്ലെന്നും, കടത്തുക ഒന്നാകെ അടയ്ക്കാമെന്നു വിചാരിച്ചാൽ തന്നെയും പരദേശമെത്രാന്മാരെ എന്തിനായിട്ടു വരുത്തിയോ ആ കാര്യം അവർ ഇതേവരേക്കു സാധിച്ചിട്ടില്ലെന്നും, മലയാളത്തെത്തിച്ചേർന്നതോടുകൂടി നാട്ടുമെത്രാപ്പോലീത്തായായ തന്നിൽ നിന്ന് എങ്ങനെയും ഭരണാധികാരം കൈക്കലാക്കുന്നതിനു വേണ്ടിയാണു അവർ ഇതേവരെ ശ്രമിച്ചിട്ടുള്ളതെന്നും, ഈ പരിതസ്ഥിതിയിൽ വിധിക്കടവും പിഴയും ഒന്നായി തന്റെമേൽ ചുമത്തുന്നത് അത്യന്തം സങ്കടകരമാണെന്നും തിരുമനസ്സുണർത്തിച്ചു. പരദേശമെത്രാന്മാരാവട്ടെ തങ്ങൾക്കു ഇതിലൊന്നും പങ്കില്ലെന്നും സ്ഥാനാഭിഷേകം നൽകുവാൻ അധികാരമുള്ള തങ്ങൾക്കാണ് ഭരണാധികാരത്തിന് അവകാശമുള്ളതെന്നും വാദിച്ചു.



പോക്കുമൂസാ മരക്കാരുടെ പുത്രിക്ക് സംഭവിച്ച വിപത്തിനേയും ശാപമോക്ഷത്തേയും കുറിച്ചുള്ള വൃത്താന്തങ്ങൾ ഇതിനകം നാടൊട്ടുക്ക് പരന്നിരുന്നു. മാവേലിക്കര എത്തിച്ചേർന്നതോടെ മഹാരാജാവിന്റെയും ദളവായുടെയും ചെവി



കളിലും കഥ പതിക്കാതിരുന്നില്ല. അത്രയധികം വന്ദനീയവും പുണ്യശ്ലോകനുമായ ഒരു അവധൂതവര്യനെ സംബന്ധിച്ച് മഹാരാജാവു തിരുമനസ്സിലെ തിരുവുള്ളത്തിൽ വെറുപ്പുണ്ടാക്കിത്തീർക്കണമെന്നുള്ള ദുഷ്ടബുദ്ധിയോടു കൂടി തരകൻ വർഷിച്ചതായ അപരാധാരോപണങ്ങൾ ഓരോന്നും സുബയ്യൻ ദളവായെ വളരെയധികം മുഷിപ്പിച്ചു. കൊച്ചിട്ടിത്തരകൻ വീട്ടിലെത്തി ഏതാനും ദിവസം കഴിഞ്ഞതോടെ ഇക്കഥയെല്ലാം അദ്ദേഹത്തിന്റെ അനുജൻ മത്തായി ശെമ്മാശ്ശന് അറിവു കിട്ടി. ആത്മീയ പിതാവും സ്വമതാദ്ധ്യക്ഷനുമായ മെത്രാപ്പോലീത്താ തിരുമേനിയെ സംബന്ധിച്ച് സ്വസഹോദരന്റെ നാവിൽനിന്ന് പുറപ്പെട്ട ഭർത്സനങ്ങൾ ശെമ്മാശന്റെ ഹൃദയത്തെ എന്തെന്നില്ലാതെ വേദനപ്പെടുത്തി. ഈ സ്ഥിതിയിൽ ഇനിയും മെത്രാപ്പോലീത്താ തിരുമേനിയുടെ മുഖത്തെ ദർശിപ്പാൻ കഴികയില്ലെന്നുള്ള ദൃഢവ്യതത്തോടുകൂടി ശെമ്മാശ്ശൻ അപ്പോൾത്തന്നെ മുറിക്കുള്ളിൽ കടന്ന് വാതിൽ ബന്ധിച്ച് മാറിടത്തിൽ കഠാരി കുത്തിത്തറച്ച് ആത്മഹത്യ ചെയ്തു. ഈ സംഭവത്തെ സംബന്ധിച്ച് ഗ്രന്ഥവരിയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: “വീണ്ടും കൽപന വരികകൊണ്ട് കൊട്ടാരക്കര കൊച്ചിട്ടിത്തരകൻ തിരുമുമ്പാകെ വെച്ച് മെത്രാച്ചനെ കൊണ്ട് കാരകച്ചിതമായ (നിന്ദ്യമായ) വാക്കുകൾ പറഞ്ഞതിനെ കേട്ട് അതിരുകടന്ന് സംസാരിക്കരുതെന്ന് സുബയ്യൻ ദളവാ പറകകൊണ്ട് കാര്യങ്ങളുടെ നേര് തിരുമനസ്സ് (മഹാരാജാവ്) അറിഞ്ഞു യാത്ര കൽപിച്ചയയ്ക്കുകയും ചെയ്തു. അതിന്റെശേഷം പത്തു തീയതി കഴിഞ്ഞപ്പോൾ കൊച്ചിട്ടിത്തരകന്റെ അനുജൻ ശെമ്മാശു ഒരു മുറിക്കകത്തു കരേറി തന്നത്താൻ ക്ഷതം വരുത്തി മരിക്കയും ചെയ്തു.”

നിരണം തുടങ്ങിയുള്ള തെക്കൻ ഇടവകകളിൽ ആരംഭിച്ചതായ പണപ്പിരിവിനെ സംബന്ധിച്ച് സൂക്ഷ്മാന്വേഷണം ചെയ്‌വാൻ ആയിടയ്ക്ക് കൊച്ചിയിൽ എത്തിയ അന്തോണീസ് ശെമ്മാശും ഏതാനും ഡച്ചുകാരും കൂടി ഇതിനിടയിൽ നിരണത്ത് വന്നുചേർന്നു. നിരണത്തുള്ള പല കുടുംബങ്ങളും ശെമ്മാശ്ശിനെയും ഡച്ചുകാരെയും സബഹുമാനം സ്വീകരിച്ച് ആഥിത്യോപചാരം നൽകി. പല കുടുംബങ്ങളിലും സൂക്ഷിച്ചിട്ടുള്ളതായ, ഒരാൾ ഉൾത്താഴ്ചയുള്ള വമ്പിച്ച ചീനഭരണികൾ കണ്ടുകിട്ടുവാനും അത് ഹോളണ്ടിലേക്ക് കൊണ്ടുപോകുവാനും ഡച്ചുകമ്പനി വളരെകാലമായി താൽപര്യപ്പെട്ടുകൊണ്ടിരിക്കയായിരുന്നു.

ഏറെത്താമസിയാതെ വിധിക്കടത്തെ സംബന്ധിച്ചുള്ള രാജകീയ വിധി പുറപ്പെട്ടു. ആകെയുള്ള പതിനാലായിരം രൂപായിൽ ഏഴായിരം രൂപാ അഞ്ചാം മാർത്തോമ്മായിൽ നിന്നും ബാക്കി തുക ഏഴായിരം പരദേശമെത്രാന്മാരിൽ നിന്നും ഈടാക്കണമെന്നായിരുന്നു ചുരുക്കം. ഇങ്ങനെയൊരു വിധി ഉണ്ടാവുമെന്ന് പരദേശമെത്രാന്മാർ അശേഷം പ്രതീക്ഷിച്ചിരുന്നില്ല. അഞ്ചാം മാർത്തോമ്മാ കൊച്ചീക്കോട്ടയിൽ നിന്ന് വിമോചിതനായ ശേഷം അദ്ദേഹം ആദ്യമായി ചെയ്തത് തന്റെ അനന്തരവൻ കത്തനാരെ തന്റെ പിൻഗാമിയായി ആറാം മാർത്തോമ്മാ എന്ന പേരിൽ 936-ാമാണ്ട് നിരണത്തു വെച്ച് എപ്പിസ്ക്കോപ്പായായി വാഴിക്കയായിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെയോ പ്രതിനിധിയുടെയോ സാന്നിദ്ധ്യവും സഹകരണവും കൂടാതെ യാതൊരു സ്ഥാനാഭിഷേകവും സാധുവല്ലെന്ന് അഞ്ചാം മാർത്തോമ്മാ വിശ്വസിച്ചിരുന്നുവെന്നും ചുരുങ്ങിയപക്ഷം 1665 മുതൽ സുറിയാനി സഭയുടെ വിശ്വാസം ഇങ്ങനെ ആയിരുന്നുവെന്നും ഒരു ചരിത്രകാരൻ പ്രസ്താവിച്ചിട്ടുണ്ട്. ഇത് ശരിയല്ല. ശീമക്കാർ കൈവെച്ചെങ്കിലെ സ്ഥാനസാധുത്വമുള്ളുവെന്നും മറിച്ചായാൽ ഫലം മറിച്ചാണെന്നും, പരദേശികൾ ഇവിടെ അഭിപ്രായം പരത്തുവാൻ ശ്രമിച്ചിരുന്നുവെന്നും, കുറെ ജ്ഞാനാന്ധന്മാർ ഇതിനായി ആവശ്യമുള്ളപ്പോഴും ഇല്ലാത്തപ്പോഴും ഇവിടെ കിടന്ന് ലഹള കൂട്ടിക്കൊണ്ടിരുന്നുവെന്നുമുള്ളതാണ് സത്യം. കറുത്ത തൊലിയുള്ള താൻ സ്ഥാനം നൽകിയാൽ സാധുവാകയില്ലെന്നു ലേശമെങ്കിലും വിശ്വാസമുണ്ടായിരുന്നെങ്കിൽ, അഞ്ചാം മാർത്തോമ്മാ നാലാം മാർത്തോമ്മായിൽ നിന്ന് സ്ഥാനം ഏൽക്കയോ, തന്റെ അനന്തരഗാമിയായി ആറാം മാർത്തോമ്മായെ എപ്പിസ്ക്കോപ്പാ സ്ഥാനത്തിൽ വാഴിക്കയോ, ആറാം മാർത്തോമ്മാ തനിച്ച് ഏഴാം മാർത്തോമ്മായെ വാഴിക്കയോ ചെയ്കയില്ലായിരുന്നുവെന്നുള്ളത് സ്പഷ്ടം തന്നെ. സത്യത്തിനും മനസ്സാക്ഷിക്കും വൈദീകധർമ്മപ്രമാണങ്ങൾക്കും എതിരായി സ്വാർത്ഥബുദ്ധിക്ക് മനഃപൂർവ്വം വിജയം കൈവരുത്തണമെന്നു ശഠിക്കുന്ന കേവലം ഭൗതികന്മാർ അല്ലായിരുന്നു അവർ; സത്യം.

IX

അഞ്ചാം മാർത്തോമ്മായുടെ ചരമം ആറാം മാർത്തോമ്മായും മാർ ഈവാനിയോസും

അഞ്ചാം മാർത്തോമ്മാ പരദേശ മെത്രാന്മാരുടെ സഹകരണം കൂടാതെ ആറാം മാർത്തോമ്മായെ തനിച്ചു വാഴിക്കുകയും തിരുവിതാംകൂർ മഹാരാജാവിന്റെ വിധി പ്രതീക്ഷയ്ക്കെതിരായി പരിണമിക്കുകയും ചെയ്തതോടെ ശീമക്കാരായ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും പരുങ്ങി. അവരുടെ ലക്ഷ്യം തെറ്റി. ഇതിനിടയ്ക്കു വടക്കൻ പള്ളികളിൽ നിന്നു മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ കഴിയുന്നത്രയും അധികം പണം കൈവശപ്പെടുത്തിയതിനാൽ വിധിക്കടത്തിനുവേണ്ടി പള്ളിക്കാരോടു വീണ്ടും പണം ആവശ്യപ്പെടുവാനോ, കൈവശമുള്ള പണം കൈവിട്ടുകളയാമെന്നുവച്ചാൽ തന്നെയും മലങ്കര മെത്രാപ്പോലീത്താ സ്ഥാനാധികാരം ഇനിയും തന്റെ കൈക്കൽ സ്ഥിരമായിരിക്കുമെന്ന് ഉറച്ചിരിപ്പാനോ കഴിയാത്ത ഒരു സ്ഥിതിയിലുമായി. അഞ്ചാം മാർത്തോമ്മായാവട്ടെ രൂപാ ഏഴായിരവും ഡച്ചു കമ്പനിയിൽ അടച്ചു ബാദ്ധ്യത വിടുർത്തി. പോക്കുമൂസാ മരക്കാർ ഇക്കാലത്ത് അശേഷം മനസ്സുഖമില്ലാതെ കഴിച്ചു കൂട്ടുകയായിരുന്നു. പരമഭക്തനായ ഒരു മുനിശ്രേഷ്ഠനെ അദ്ദേഹത്തിന്റെ ന്യായവാദങ്ങളൊക്കെ അവഗണിക്കപ്പെട്ടതായ നിലയിൽ അന്യായമായ ഒരു വിധിക്കു കീഴ്പെടുത്തി കൊച്ചീക്കോട്ടയിൽ ആറുമാസം മുഴുവൻ ബന്ധനത്തിലിരുത്തി കഷ്ടപ്പെടുത്തുകയും അദ്ദേഹത്തിന്റെ വൈദീക കർമ്മാനുഷ്ഠാനങ്ങൾക്കു മുടക്കം വരുത്തുകയും ചെയ്തത് തന്റെ പേരിൽ അക്ഷന്തവ്യമായ ഒരു അപരാധമാണെന്ന് അദ്ദേഹം വിശ്വസിച്ചു. മെത്രാപ്പോലീത്തായെ കണ്ടു ദോഷപരിഹാരം വരുത്തേണ്ടതു കുടുംബരക്ഷയ്ക്കും ഭാവിശ്രേയസ്സിനും അത്യന്താപേക്ഷിതമായ ഒന്നാണെന്നു കരുതി മരക്കാർ വിലയേറിയ തിരുമുൽക്കാഴ്ചകളുമായി നിരണത്തു പള്ളിയിലെത്തി അഞ്ചാം മാർത്തോമ്മായെ സന്ദർശിക്കുകയും അദ്ദേഹത്തോടു ക്ഷമാപണം ചെയ്കയും ചെയ്തു. എങ്കിലും മരക്കാരുടെ അന്ത്യഘട്ടം സൗഭാഗ്യകരമായ ഒന്നായിരുന്നില്ല. ഇതിനെ സംബന്ധിച്ചു ഗ്രന്ഥവരിയിൽ താഴെ കാണുന്ന പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

“പുതിയകാവിൽ നിന്നു മെത്രാച്ചൻ നിരണത്തു വന്നുപാർക്കുമ്പോൾ അവിടുത്തെ നീരസം ഒഴിപ്പാനായി മരയ്ക്കാർ ദിവ്യമായിട്ടുള്ള പട്ടുകളും കസവു

കളും ശീലത്തരങ്ങളും കൊണ്ടുവന്നു വെച്ചു കണ്ടു പറഞ്ഞുപോയ ശേഷം അയാളെ ഒടുക്കം ആന ചവുട്ടിക്കൊല്ലുകയും ചെയ്തു."

ബന്ധനവിമുക്തനായ മെത്രാപ്പോലീത്തായെ കണ്ടു കൈമുത്തി അനുഗ്രഹം പ്രാപിക്കുന്നതിനായി മലങ്കര ഇടവകയുടെ പല ഭാഗത്തുനിന്നും പലർ, കൂട്ടം കൂട്ടമായി നിരണത്തേക്കു വന്നുകൊണ്ടിരുന്നു.

ഒരു ദിവസം സായാഹ്നമടുപ്പിച്ചു മെത്രാപ്പോലീത്താ നിരണത്തു പള്ളിയുടെ വടക്കേ പൂമുഖത്ത് ഒരു ചാരുകസേരയിൽ വിശ്രമിക്കവേ പീത്തമ്മത്തങ്കി സ്വപുത്രിയോടും ഏതാനും പരിജനങ്ങളോടും കൂടി തിരുമുമ്പിലേക്കു മന്ദം മന്ദം അടുത്തുവന്നു. തിരുമുൽക്കാഴ്ച വെക്കുന്നതിനായി വിവിധ തരത്തിലുള്ള പലഹാരങ്ങൾ, പായസം എന്നിവ നിറച്ച ഏതാനും വെള്ളിപ്പാത്രങ്ങളും പരിജനങ്ങളും കൈവശമുണ്ടായിരുന്നു. പീത്തമ്മത്തങ്കിയെ കണ്ടുകൂടുമ്പോൾ തന്നെ മെത്രാപ്പോലീത്തായുടെ ഹൃദയം അനുകമ്പാവാത്സല്യത്താൽ അലിഞ്ഞു. അദ്ദേഹത്തിന്റെ കണ്ണുകളിൽ കൃതജ്ഞതാശ്രുക്കൾ തുളുമ്പി നിന്നു. തങ്കി നമ്രശിരസ്കയായി അടുത്തുചെന്ന് ആ വന്ദ്യ പിതാവിന്റെ വൃദ്ധഹസ്തം തന്റെ ചുണ്ടുകളോട് അണച്ചു. ഭക്ത്യാദരലഹരിയിൽ ലയിച്ചു. അവളുടെ നനഞ്ഞ കൺപീലികൾ അദ്ദേഹത്തിന്റെ ഹസ്ത കഞ്ചുകാഗ്രത്തെ ശിശിരീകരിച്ചു. മെത്രാപ്പോലീത്താ തന്റെ വലത്തുകൈ ആ പ്രിയപുത്രിയുടെ ശിരസ്സിൽ പതിച്ചുകൊണ്ട് അത്യന്തം ഹൃദയംഗമാംവണ്ണം അനുഗ്രഹിച്ചു.

"നമ്മുടെ ഇടവകയിൽപെട്ട സമസ്തജനങ്ങൾക്കും ഉത്തമ മാതൃക കാണിച്ച പ്രിയപ്പെട്ട മകളെ ഉടയതമ്പുരാൻ അനുഗ്രഹിക്കും. നിന്റെ സന്താനങ്ങളേയും സർവ്വശക്തനായ തമ്പുരാൻ എന്നേക്കുമായി അനുഗ്രഹിക്കട്ടെ. നിന്നോടു സഹകരിച്ച എല്ലാ പ്രിയ മക്കൾക്കും ആലോഹാ (ദൈവം) നൂറും ആയിരവും പതിനായിരവുമായി പ്രതിഫലം നൽകട്ടെ."

അഞ്ചാം മാർത്തോമ്മായുടെ കണ്ണുകളിൽ നിന്ന് നിർഗ്ഗളിച്ച അനുഗ്രഹാശ്രുക്കൾ അദ്ദേഹത്തിന്റെ വെൺചാമര മീശയിലൂടെ ഒഴുകി ഉരുണ്ടു ഇലഞ്ഞിക്കൽ ഗൃഹത്തിലെ കുടുംബപ്രതിഷ്ഠാപികയുടെ മൂർദ്ധാവിൽ ഇറ്റിറ്റു വീണ് എന്നേക്കുമായി ഉറങ്ങുറച്ചു. മെത്രാപ്പോലീത്തായുടെ കൽപന അനുസരിച്ച് പലഹാരവും പായസവും പരിജനങ്ങൾ അപ്പോൾതന്നെ അവിടെ കൂടിനിന്നിരുന്ന ജനങ്ങൾക്കു വിതരണം ചെയ്കയും തിരുമേനിയും ആ മംഗളോപചാരത്തിൽ ഭാഗഭാക്കാവുകയും ചെയ്തു. അനന്തരം മെത്രാപ്പോലീത്താ പങ്കിയേയും പുത്രിയേയും പരിജനങ്ങളേയും സ്ലീബാ ഉയർത്തി അനുഗ്രഹിച്ചു. അവർ പിരിയുന്ന സന്ദർഭത്തിൽ മെത്രാപ്പോലീത്താ വാത്സല്യ മന്ദസ്മിതത്തോടെ ഇത്രയും വാക്കുകൾ കൂടി ഉച്ചരിച്ചു:

"ഇനിയും മെത്രാച്ചനെ കാണാൻ വരുമ്പോൾ തങ്കിയും കുഞ്ഞുങ്ങളും ആഭരണം അണിഞ്ഞേ പള്ളിയിൽ കടക്കാവൂ. ആഭരണം അണിയാത്ത തങ്കി മെത്രാച്ചന്റെ പീത്തമ്മത്തങ്കിയല്ല, ഒരിക്കലുമല്ല."

ഇലഞ്ഞിക്കൽ കുടുംബത്തിലെ സ്ത്രീകൾ സർവാഭരണവിഭൂഷിതകളായി മാത്രം പള്ളിയിൽ പോകുന്ന പതിവ് ഇതിനെ തുടർന്നുണ്ടായിട്ടുള്ളതാണ്. മേൽപ്പറഞ്ഞ സംഭവം കഴിഞ്ഞു പിന്നീട് അധികകാലം മെത്രാപ്പോലീത്താ ജീവിച്ചിരുന്നില്ല. സ്വസമുദായത്തിനു വേണ്ടി വളരെയധികം പീഡസഹിച്ച പുണ്യസമ്പന്നനും പരമഭക്തനുമായ അഞ്ചാം മാർത്തോമ്മാ കൊല്ലവർഷം 940 മേടം 27-നു കാലം ചെയ്ത് നിരണം പള്ളിയിൽ വടക്കേ കബറിൽ അടങ്ങി. ഒരു വർഷം മുമ്പ് ശീമകാതോലിക്കായും കണ്ടനാടു പള്ളിയിൽ വടക്കേ കബറിൽ അടങ്ങി. പക്ഷേ ഈ കഥാനായകന്മാർ രണ്ടുപേരുടെ ചരമംകൊണ്ട് കലഹത്തിന് പര്യവസാനം ഉണ്ടായില്ല.

മുറപ്രകാരം അഞ്ചാം മാർത്തോമ്മായുടെ പിൻഗാമിയായി ആറാം മാർത്തോമ്മാ സ്ഥാനാരോഹണം ചെയ്കയും അദ്ദേഹത്തെ ജാതിത്തലവനും മെത്രാനുമായി അംഗീകരിച്ചിരിക്കുന്ന വിവരത്തിന് കാർത്തിക തിരുനാൾ മഹാരാജാവിന്റെ നീട്ടും സുബയ്യൻ ദളവായുടെ സാധനവും പുറപ്പെടുകയും ചെയ്തു. ഇത് ശീമക്കാരനായ മലങ്കര മെത്രാനും അദ്ദേഹത്തോടൊരുമിച്ചുണ്ടായിരുന്ന പരദേശമെത്രാൻ മാർ ഗ്രീഗോറിയോസിനും ഏറ്റവും ദുസ്സഹമായിരുന്നു. ഇതിനിടയ്ക്ക് വിധിക്കടം അടപ്പാൻ പരദേശമെത്രാന്മാരെ നിർബന്ധിച്ചു. സമാധാനത്തിൽ കാര്യം കലാശിപ്പിക്കുന്നപക്ഷം പരദേശമെത്രാന്മാർ കൊടുക്കേണ്ടതായ രൂപാ ഏഴായിരവും താൻതന്നെ ഡച്ചുകമ്പനിയിൽ അടച്ചുകൊള്ളാമെന്ന് ആറാം മാർത്തോമ്മാ ഇതിനിടയിൽ എതിർ മലങ്കര മെത്രാനായ മാർ ഈവാനിയോസിനെ അറിയിച്ചതിനും പുറമെ, സഭയിലെ കലഹങ്ങൾ അവസാനിപ്പിച്ച് ഇരുപക്ഷക്കാരും കഴിയുന്നത്ര വേഗത്തിൽ രമ്യമായിത്തീരുകയാണ് ഉത്തമമെന്നു മഹാരാജാവു തിരുമനസ്സുകൊണ്ട് ഇരുപക്ഷക്കാരെയും ഗുണദോഷിക്കുകയും ചെയ്തു. ഇന്നത്തെ ഏഴു ലക്ഷം രൂപായുടെ വിലയായിരുന്നു അന്നത്തെ ഏഴായിരം രൂപായ്ക്കുണ്ടായിരുന്നത്. കീശയിൽ കിടക്കുന്ന കാശ് കളഞ്ഞു കുളിച്ചും കലഹം മുമ്പോട്ടു കൊണ്ടുപോകുന്നതു ബുദ്ധിയല്ലെന്നു മാർ ഈവാനിയോസ് ബോധിക്കയും തൽഫലമായി ഒരു സന്ധിയിൽ കാര്യം കലാശിപ്പിക്കാമെന്നു സമ്മതിക്കുകയും ചെയ്തു.

(തുടരും)



പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ സ്മാരക ദേശീയ സെമിനാർ

കോട്ടയം: വിദ്യാർത്ഥികളുടെ വിദേശ കുടിയേറ്റത്തിന്റെ ഗുണപരമായ മൂല്യങ്ങൾ ഉൾക്കൊള്ളുവാനുള്ള മാനസിക മനോഭാവം പൊതുസമൂഹം വളർത്തണമെന്നു മുൻ യു.എസ്. അംബാസിഡറും ഹയർ എഡ്യൂക്കേഷൻ മുൻ ചെയർമാനുമായ റ്റി. പി ശ്രീനിവാസൻ ഐ.എഫ്. എസ് പറഞ്ഞു.

ഓർത്തഡോക്സ് സെമിനാരിയിൽ നടന്ന പ. മാത്യൂസ് ദ്വീതീയൻ സ്മാരക ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു യുവജനങ്ങളുടെ വിദ്യാഭ്യാസ കുടിയേറ്റം എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ, പ. മാത്യൂസ് ദ്വീതീയൻ ബാവ അനുസ്മരണ പ്രഭാഷണം നടത്തി.

പ്രിൻസിപ്പൽ ഫാ. ഡോ. റെജി മാത്യു, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, ഡോ. പോൾ മണലിൽ, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. ഡോ. നൈനാൻ കെ ജോർജ് എന്നിവർ പ്രസംഗിച്ചു.

ഡോ. പോൾ മണലിൽ രചിച്ച ബൈബിൾ സൗന്ദര്യ ശാസ്ത്ര സമാലോചനകൾ എന്ന ഗ്രന്ഥം റ്റി. പി. ശ്രീനിവാസൻ പ്രകാശനം ചെയ്തു.



കാക്കട്ട് മനോജ് വില്ലയിൽ മനോജ് വർഗീസിന്റെയും ലിജി മനോജ് വർഗീസിന്റെയും മകൾ നേഹ മനോജ് വർഗീസിന് മുഖ്യമന്ത്രിയുടെ വിദ്യാർഥി പ്രതിഭ പുരസ്കാരം ലഭിച്ചു. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ആണ് സമ്മാനമായി ലഭിച്ചത്. കോട്ടയം അമലഗിരി ആഗ കോളജിൽ നടത്തിയ ഇംഗ്ലീഷ് ബിരുദ പഠനത്തിലെ മികവിനാണ് പുരസ്കാരം. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലെ ബിരുദാനന്തര വിദ്യാർഥിനിയുമായ അടൂർ-കടമ്പനാട് മെത്രാസനത്തിലെ പത്തനാപുരം മാർ ലാസറസ് ഓർത്തഡോക്സ് വലിയപള്ളി ഇടവക അംഗമാണ്.

വചനതീർത്ഥം

സകല വാങ്ങിപ്പോയവരുടെയും ഞായർ (വി. ലൂക്കോസ് 12:32–49)



ഫാ. ജെറിൻ ജോൺ അടൂർ

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിന്റെ സന്ദേശത്തിന്റെ കേന്ദ്രം വളരെ ലളിതമായ ഒരു വാക്കാണ്: ഭയപ്പെടരുത്. ക്രിസ്മസ് സംഭവത്തിലെ ഇടയന്മാരെപ്പോലെ നമ്മളിൽ ഭൂരിഭാഗവും പലപ്പോഴും നമ്മുടെ ബുദ്ധിയിൽ നിന്ന് ഭയപ്പെടുന്നു, അതിനാൽ അവരെപ്പോലെ നമ്മൾ ദൈവദൂതന്റെ വചനം കേൾക്കേണ്ടതുണ്ട് – ഭയപ്പെടരുത്. തുടർച്ചയായി സംഭവിക്കുന്ന എല്ലാ കാര്യങ്ങളെയും കുറിച്ച് ഒരാൾ ചിന്തിക്കുമ്പോൾ ഭയം തികച്ചും സ്വാഭാവിക പ്രതികരണമായിരിക്കാം, എന്നാൽ സ്നേഹത്തിന്റെയും തികഞ്ഞ സ്നേഹത്തിന്റെയും ദൈവമാണെന്ന് നാം വിശ്വസിക്കുന്ന ദൈവം ഭയത്തെ അകറ്റുന്നു. അതിനാൽ ഭയപ്പെടേണ്ട, ദൈവത്തിൽ വിശ്വസിക്കൂ... കാഴ്ചയ്ക്ക് വിരുദ്ധമായി ദൈവം ചുമതല വഹിക്കുന്നു എന്നതിന് വിരുദ്ധമായി എല്ലാം ശരിയാകും. അതുകൊണ്ട് യേശു നമ്മോട് പറയുന്നു; അവന്റെ ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടേണ്ടാ.

സുരക്ഷിതത്വം ഇല്ലാത്ത ചെറിയ ആട്ടിൻകൂട്ടത്തെ പോലെ ശിഷ്യന്മാർ ശത്രുതയുള്ള ഈ ലോകത്തിലേക്ക് അയക്കപ്പെട്ടിരിക്കുകയാണ്. ദൃശ്യമായ എന്തെങ്കിലും സഹായങ്ങളും സുരക്ഷിതത്വമോ അവർക്ക് ഉണ്ടായിരുന്നില്ല എന്നതാണ് സത്യം. എന്നാൽ ഈ ശിഷ്യഗണം ക്രിസ്തുവിനോട് കൂടെ സ്വർഗ്ഗരാജ്യത്തിന് അവകാശികളായി തീർന്നിരിക്കുകയാണ്. ഇതിന്റെയൊക്കെ വെളിച്ചത്തിലാണ് ഭയപ്പെടരുത് എന്ന് ശിഷ്യന്മാരുടെ കർത്താവ് കൽപ്പിക്കുന്നത്. വാങ്ങിപ്പോയ സകലരെയും ഓർക്കുന്ന ഞായറാഴ്ച വായിക്കുന്ന ഈ വേദഭാഗം വളരെ ശ്രദ്ധേയമായി നിലനിൽക്കുന്നു.

നമ്മുടെ ദൗത്യത്തെയും സാക്ഷ്യത്തെയും ഓർമ്മിപ്പിക്കുന്ന ദാസന്റെ ഉപമ

ശിഷ്യന്മാർ തങ്ങളുടെ ആവശ്യങ്ങൾക്കായി കർത്താവിനെ ആശ്രയിക്കുന്നതുപോലെ അവന്റെ പ്രത്യക്ഷതയെ പറ്റിയുള്ള നിരന്തരമായ പ്രതീക്ഷയിലും വേണം ജീവിക്കുവാൻ. അവരുടെ അരമുറുക്കുകയും വിളക്ക് കത്തി കൊണ്ടിരിക്കണം. തങ്ങളുടെ അരയിൽ ഒരു ബെൽറ്റ് ധരിക്കുക പതിവായിരുന്നു. മുറുക്കിയ അര ചെയ്തു തീർക്കുവാനുള്ള ദൗത്യത്തെയും കത്തി വിളക്ക് സാക്ഷ്യം നിലനിർത്തുന്നത് അത്ര സൂചിപ്പിക്കുന്നത്.

വിവാഹാലോചന മടങ്ങിവരുന്ന പുരുഷനെ കാത്തിരിക്കുന്നത് ദാസന്മാർ എഴുന്നേറ്റ് അവനു ശുശ്രൂഷ ചെയ്യുവാനുള്ള ഒരുക്കത്തോടെയാണ് കാത്തിരിക്കുന്നത്. കാത്തിരിക്കുവാനുള്ള അവരുടെ മനസ്ഥിതിയിൽ അവർ സമ്പൂർണ്ണ തൃപ്തരാണ്. അവർ താൻ തന്നെ ദാസന്റെ വേഷം അണിഞ്ഞ് അവരെ മേശയ്ക്ക് ചുറ്റും വരുത്തി അവർക്ക് ഭക്ഷണം വിളമ്പുകയാണ് ഇവിടെ. ഒരിക്കൽ ദാസ് രൂപം എടുത്ത് ഈ ലോകത്തെ സന്ദർശിച്ചവൻ സ്വർഗീയ വാസത്തിലും തന്റെ ജനത്തിനുവേണ്ടി ദാസനെ പോലെ ശുശ്രൂഷിക്കുവാൻ മനസ്സുള്ളവനാണ്. കാത്തിരിപ്പിന് പല ഘട്ടങ്ങളുണ്ട് എങ്കിലും രണ്ടാംഘട്ടം അർദ്ധരാത്രി വരെയും മൂന്നാം ഘട്ടം അർദ്ധരാത്രി മുതൽ പ്രഭാതം വരെയുമാണ് എന്ന് നമുക്ക് മനസ്സിലാക്കാം.

യജമാനൻ വരുമ്പോഴോ ദാസന്മാർ അവനുവേണ്ടി

ഈ സംഭവത്തെ യഥാർത്ഥത്തിൽ അപ്രതീക്ഷിതമായ സമയത്ത് കള്ളന്മാരാൽ ആക്രമിക്കപ്പെട്ട ഒരു വീട്ടുടമസ്ഥനോട് ഇവിടെ സാദൃശ്യപെടുത്തുകയാണ്. കള്ളൻ പ്രതീക്ഷിക്കാത്ത സമയത്താണ് വരുന്നത്. വീടമസൻ അറിഞ്ഞിരുന്നുവെങ്കിൽ അവൻ ഉണർന്നിരുന്ന് തന്റെ ഭവനം കള്ളന്മാർ മോഷ്ടിക്കാത്തവണ്ണം സൂക്ഷിക്കുമായിരുന്നു. കർത്താവിന്റെ വരവിന്റെ സമയം ആർക്കും അറിയുകയില്ല. ആ ദിവസവും നാഴികയും ആരും തന്നെ അറിയുന്നതുമില്ല. അവന്റെ പ്രത്യക്ഷതയിൽ താങ്കളുടെ നിക്ഷേപങ്ങളെ ഈ ഭൂമിയിൽ കൂട്ടിവെച്ചിരിക്കുന്ന ഏവർക്കും അത് നഷ്ടമാകുന്നു.

സമൃദ്ധമായി പ്രതിഫലം നൽകുന്ന യജമാനന്റെ സൂക്ഷ്മത

കർത്താവിന്റെ പ്രത്യക്ഷതയെങ്കിൽ തന്റെ ദാസൻ മനുഷ്യവർഗ്ഗത്തിന്റെ ആത്മീയ കാര്യത്തിൽ യഥാർത്ഥമായി താല്പര്യമുള്ളവരായി കാണുമ്പോൾ അവൻ സമൃദ്ധിയായി അവർക്ക് പ്രതിഫലം നൽകുന്നു. പ്രതിഫലം എന്ത് എന്ന് ചോദിച്ചാൽ സഹസ്രാബ്ദകാലത്ത് കർത്താവിനോട് കൂടെ വാഴുവാനായിട്ടുള്ള അവസരം ആയിരിക്കും അത്. പത്രോസിന്റെ ചോദ്യം വളരെ ശ്രദ്ധേയമായിരുന്നു. ഉണർന്നിരിക്കേണ്ടതിനെ പറ്റി കർത്താവ് പറഞ്ഞ ഉപമ ശിഷ്യന്മാരെ മാത്രമോ അതോ എല്ലാ വിശ്വാസികളും ഉദ്ദേശിച്ചാണ് പറഞ്ഞത്. ദൈവത്തിന്റെ കാര്യവിചാരകനായി കരുതുന്ന ഏവരെയും ഉദ്ദേശിച്ച എന്ന് കർത്താവ് മറുപടി പറയുകയും ചെയ്തു. യജമാനട ദാസരുടെ മേൽ കാര്യകന്മാരായി നിയമിക്കപ്പെട്ടവനും തന്റെ ജനത്തിന് ആഹാരം കൊടുക്കുന്നതിനുമായ വ്യക്തിയാണ് യഥാർത്ഥത്തിൽ വിശ്വസ്തദാസൻ. ഗ്രഹവിചാരകന്റെ പ്രധാന താല്പര്യം വസ്തുവകകളെല്ലാം മറിച്ച് വ്യക്തികളാണ്. ഇവിടെ ദാസൻ കർത്താവിന് വേണ്ടി എന്നപോലെ പ്രവർത്തിക്കുന്നുണ്ടെങ്കിലും താനൊരു അവിശ്വാസിയായി കാണപ്പെടുന്നു. യജമാന ദാസന്മാർ ശുശ്രൂഷ ചെയ്യേണ്ടതിനു പകരം ഈ ദാസൻ അവരെ അപമാനിക്കുകയും മോഷ്ടിക്കുകയും ജീവിക്കുകയും ചെയ്യുകയാണ്. ഒരുപക്ഷേ പരീശന്മാരെ പറ്റി ഇത് പരാമർശിക്കുന്നത് ആയിരിക്കാം. എല്ലാവിധ ശുശ്രൂഷകളുടെയും അടിസ്ഥാനപ്രമാണം ഈ രണ്ട് വാക്യങ്ങളിൽ ദൃശ്യമാണ് (12:47, 48). അവസരങ്ങൾ എത്രമാത്രം നൽകപ്പെടുന്നുവോ അതിനനുസരിച്ച് നമ്മുടെ ഉത്തരവാദിത്വവും വലുതാണ് എന്നുള്ളതാണ് ആ പ്രമാണം. വിശ്വാസികൾക്ക് സ്വർഗ്ഗത്തിൽ ലഭിക്കുന്ന പ്രതിഫലങ്ങൾക്ക് വ്യത്യസ്തത ഉണ്ടായിരിക്കാം. ശിക്ഷയുടെ തീവ്രതയും വ്യത്യസ്തപ്പെട്ടിരിക്കും. തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ദൈവഹിതത്തെ അറിഞ്ഞിട്ടുള്ളവർ അത് പ്രമാണിക്കാനുള്ള അവരുടെ ഉത്തരവാദിത്വവും വളരെ വലുതാണ്. അധികം അവരുടെ പക്കൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്നു അതിനാൽ അധികം അവരോട് ആവശ്യപ്പെടുകയും ചെയ്യും. വലിയ ആരു മൂല്യങ്ങൾ നൽകപ്പെടാതിരുന്ന വരും തങ്ങളുടെ തെറ്റായ പ്രവർത്തികൾ ശിക്ഷിക്കപ്പെടും. ❑



Steering Committee (Board) Meeting of Lausanne-Orthodox Initiative at Bethel Centre, Braintree, Essex, UK.

“A great meeting of minds and hearts, and much more than a business meeting - a reunion of a group of genuine friends. It is a real honour to be part of this exotic tribe.” says Danut Manastireanu.

THE LITTLE FLOCK

(SUNDAY OF FAITHFUL DEPARTED, LUKE 24: 32 - 49)

Fr. Sajoie Samuel



A warm welcome to all readers to the Sunday before Great Lent. Just as we remembered all the departed clergy last Sunday, this week we commemorate the remembrance of all departed faithful. The former Sunday is called 'Kohane' and the latter is 'Anide'. On this day the Priest and the faithful visit cemeteries where the departed have been laid at rest. These two Sundays invite us to embark on a spiritual journey for fifty days that celebrates the passion and resurrection of our Lord and Savior Jesus Christ.

The inclusive faith of our Church teaches us that out worship is not exclusively for the living but is inclusive to accommodate those who have entered eternal rest. The departed are in an active state wherein they can intercede for the living and vice- versa. The red carpet in the middle of the church signifies the presence of the departed. The censer (dhoobakutti) is waved at the red carpet signifying the presence of the departed in the liturgy. Names of the departed souls are read and prayed for by the chief celebrant. Morever, incense is placed at the end of the Holy Qurbana for the departed.

The Evangelion portion is taken from the Gospel according to the Evangelist St. Luke 24: 32 to 49. Verses 32 to 34 voice the tender love of a caring Shepherd to His flock. The remaining verses focus on the importance of being watchful. When we are watchful we are vigilant to be able to do the duties allocated to us. If we are watchful, we would be served by the master.

"Fear not, little flock; for it is your Father's good pleasure to give you the kingdom (v32)".

I. A CHRISTIAN NEED NOT WORRY ABOUT HIS EARTHLY NEEDS

Psalms 131 shows us how King David satisfies his physical as well as spiritual needs. "LORD, my heart is not haughty, nor mine eyes lofty: neither do I exercise myself in great matters, or in things too high for me.Surely I have behaved and quieted myself, as a child that is weaned of his mother: my soul is even as a weaned child. Let Israel hope in the LORD from henceforth and for ever". The Greek word 'Meteorizomai' refers to 'being raised up'. So David raises up his intellect to God and trusts in Him, to fulfill all his needs.

When David raises his eyes to God, he distances himself from worldly tensions and submits to the able care of God. Hence he transcends his thoughts to a divine level and gains fortitude from it. As a result God made him victorious in his battles and he subsequently became a part of the genealogy of Jesus Christ. In the gospel several times Jesus is called the 'Son of David'.

God Almighty is a loving Father. He ensures us that He will take care of all our needs. When a crying baby is pacified by his/her mother, the baby feels calm and stops crying, it gives a feeling of gratification to the mother. Similarly, when we show trust and cling on to God, it highlights His role in our life as our caregiver.

II. DO CHARITY TO ENJOY GOD'S PROVIDENCE

A rich man can only make himself happy. But a rich man who believes in charity succeeds in making both himself and others happy too. Charity gives us a sense of gratification which in turn is a boon for others. When Jesus asks the rich young man to sell all he has and follow Him, he is unable to do so. As a result all his good deeds fail him to acquire a spiritual gratification for him. No amount of good things a person does on earth can substitute the good s/he needs to do by doing charity. Charity has its own prominence in our spiritual journey.

Charity provides us God's providence both in this world and in the world to come. Jesus refers to making wealth in heaven which will not be attacked or stolen. This spiritual wealth is mannah for the soul. When we submit to God's plan in our life, He extols us and uses us in wondrous ways. So when Mother Mary submits herself to God's plans, He elevates her to be the Theotokos or 'Mother of God'. From her childhood she led a life that was conducive to be the chosen one.

When we do charity by selling all our possessions and following God, we are underlining the fact that we believe in the sustaining power of God. Only then can we become effective disciples. When Peter gets a little disoriented after Jesus' death, the Savior re-affirms the formers faith in Him by asking him three times if he loves Him. For this reason the rich young ruler is asked to sell his belongings and follow Jesus. No earthly power should have the power over us to distance us from God.

III. A KINGDOM WHERE A "LITTLE" IS A BLESSING

Throughout the public ministry of Jesus Christ, His main emphasis was on the Heavenly Kingdom. He starts His ministry, from where St. John the Baptist ended. Jesus preaches about the importance of repentance so as to be able to enter it. The words "little flock" shows the eagerness of the Trinity to safeguard true believers from the snares of the evil one. We are told that God is wanting us to inherit the Kingdom as we are its heirs. But there are certain conditions we need to fulfill.

Small things have always been used by God in a wonderful manner. Five loaves and some fish were used to satisfy the hunger of millions. The sacrifice of the Savior was sufficient to quench the ransom for the human race. With the blessings of the prophet the widows flour and oil provisions never ran out. A staff was enough to part a mighty sea to save Israelites from the ruthless Pharoah. One moment of reassurement was enough to guarantee the thief on the cross eternal life.

So the "little flock" need not worry of not being in majority because God Himself is on their behalf for their succour and relief. They just need to believe in their Savior and accept Him as their Messiah. The people here are given the promise, the promise that their ancestors were only given a hint about. Undoubtedly, the people were now hearing and seeing what many of their ancestors were dying to see and hear.

To conclude, let us prepare ourselves for the Second Coming of our Lord. May the fifty day lent be a stepping stone for us to know and get closer to our Savior. We are the little community to whom Jesus is referring to in this Gospel. We need to seize the opportunity like the thief on the cross to repent from our iniquities.

❑



മാർ അപ്രേം അവാർഡ് അജു വർഗീസിന്

തോട്ടയ്ക്കാട്: കോട്ടയം ഭദ്രാസനത്തിലെ, തോട്ടയ്ക്കാട് മാർ അപ്രേം ഓർത്തഡോക്സ് പള്ളി ഏർപ്പെടുത്തിയിരിക്കുന്ന മാർ അപ്രേം അവാർഡിന് മികച്ച ചലച്ചിത്ര അഭിനേതാവും നിർമ്മാതാവും ആയ അജു വർഗീസ് അർഹനായി.

ഭൂലോക മല്പാനായ മാർ അപ്രേമിന്റെ നാമത്തിൽ സ്ഥാപിതമായ മലങ്കരയിലെ പ്രഥമ ദൈവാലയമായ തോട്ടയ്ക്കാട് മാർ അപ്രേം ദൈവാലയത്തിൽ, മാർ അപ്രേമിന്റെ ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് ഏർപെടുത്തിയിട്ടുള്ള ഈ അവാർഡ് ആദ്ധ്യാത്മിക, സംഗീത, സാഹിത്യ, കലാ മേഖലകളിലെ മികച്ച വ്യക്തിത്വങ്ങൾക്കാണ് നൽകുന്നത്.

2024 ഫെബ്രുവരി 16 വെള്ളിയാഴ്ച വൈകിട്ട് 7 മണിക്ക് സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ, പള്ളി അങ്കണത്തിൽ ചേരുന്ന സമ്മേളനത്തിൽ വെച്ച് അവാർഡ് സമ്മാനിക്കും.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ Asst. PRO ആയി ഫാ. ഷിബു റ്റോമിനെ പരിശുദ്ധ കാതോലിക്ക ബാവ കല്പന നൽകി നിയമിച്ചു.



കേരള മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരത്തിന് എൽബിൻ ചാക്കോ അർഹനായി. നിരണം ഭദ്രാസനത്തിലെ ഇരതോട് വീയപുരം സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക അംഗവും കണ്ണമ്മാലിൽ കെ. സി. ചാക്കോയുടെയും ഷീജാ ചാക്കോയുടെയും മകനുമാണ്. കല്ലൂപ്പാറ എഞ്ചീനിയറിങ്ങ് കോളേജിലെ ബി.ടെക്. വിദ്യാർത്ഥിയാണ്.



അഖില മലങ്കരാടിസ്ഥാനത്തിൽ Higher Secondary Gen. Knowledge first നേടി സണ്ടേസ്കൂൾ പ്രവീൺ ആയി തെരഞ്ഞെടുക്കപ്പെട്ട ലിനി സി. ഡി. (എം.ജി.എം. സണ്ടേസ്കൂൾ, മെയിൻ റോഡ്, കുന്നംകുളം)



ആഗോള കത്തോലിക്കാ സഭയും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള സംവാദത്തിനായി റോമിൽ എത്തിച്ചേർന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധി അംഗങ്ങളായ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, ഡോ. യൂഹാനോൻ മാർ ദിമെത്രയോസ്, ഏബ്രഹാം മാർ സ്തേഫാനോസ്, ദേവലോകം അരമന മാനേജർ യാക്കോബ് റമ്പാൻ, പരുമല സെമിനാരി അസി. മാനേജർ ഫാ. എൽദോസ് ഏലിയാസ്, ബ്രഹ്മവാർ ഭദ്രാസനാംഗം ഫാ. ആന്റണി മെർവിൻ ഡിസിൽവ എന്നിവർ.



കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ക്രൈസ്തവ അവകാശ സംരക്ഷണ നീതിയാത്രയെ, കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ തീർത്ഥാടനകേന്ദ്രത്തിലെ വികാരി ഫാ. വിൽസൺ ശങ്കരത്തിലും, സഹവികാരി ഫാ. റ്റിനോ തങ്കച്ചനും, കമ്മിറ്റി അംഗങ്ങളും, പള്ളിഭാഗം യുവജനപ്രസ്ഥാനത്തിന്റെ ഭാരവാഹികളും ചേർന്ന് പന്തളം മെഡിക്കൽ മിഷൻ ജംഗ്ഷനിൽ വച്ച് സ്വീകരിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു.




പ്രൊഫ. കെ. പി. തോമസ് അന്തരിച്ചു

വാകത്താനം: ബസേലിയോസ് കോളജ് മാത്തമാറ്റിക്സ് വിഭാഗം പ്രൊഫസറായിരുന്ന വാകത്താനം കോയിപ്പുറത്ത് കെ. പി. തോമസ് അന്തരിച്ചു. സംസ്കാരം 2024 ജനുവരി 28-നു ഡോ. സഖറിയ മാർ അപ്രേമിന്റെ പ്രധാന കാർമികത്വത്തില് വാകത്താനം സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളിയിൽ നടത്തി.

ഭാര്യ: മറിയാമ്മ തോമസ്. മകൻ: ആശിഷ് പുന്നൂസ് (ഓസ്ട്രേലിയ, ഗ്രിഗോറിയൻ ടി.വി. യുടെയും പരുമല സെമിനാരിയുടെയും വെബ് അഡ്മിനിസ്ട്രേറ്റർ). മകൾ: എലിസബത്ത് തോമസ്, മരുമക്കൾ: ആൻഡ്രൂസ്, സുനിത തോമസ്.



ആഗോള കത്തോലിക്കാ സഭയും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള സംവാദത്തിനായി റോമിൽ എത്തിച്ചേർന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധികളായ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, ഡോ. യൂഹാനോൻ മാർ ദിമെത്രയോസ്, ഏബ്രഹാം മാർ സ്തേഫാനോസ്, ദേവലോകം അരമന മാനേജർ യാക്കോബ് റമ്പാൻ, പരുമല സെമിനാരി അസി. മാനേജർ ഫാ. എൽദോസ് ഏലിയാസ്, ബ്രഹ്മവാർ ഭദ്രാസനാംഗം ഫാ. ആന്റണി മെർവിൻ ഡിസിൽവ എന്നിവർ പ. ഫ്രാൻസിസ് മാർപാപ്പായോടും കത്തോലിക്കാ സഭാ പ്രതിനിധികളോടുമൊപ്പം.



കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി അധ്യാപകൻ ഫാ. ജോബ് സാം മാത്യുവിനെ ചർച്ച് ഹിസ്റ്ററി അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (CHAI) സൗത്ത് ഇന്ത്യ റീജണൽ എക്സിക്യൂട്ടീവ് അംഗമായി തിരഞ്ഞെടുത്തു. തുമ്പമൺ ഭദ്രാസനത്തിലെ കുമ്പഴ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ കത്തീഡ്രൽ സഹവികാരിയാണ്.



സൺഡേസ്കൂൾ
അഖില മലങ്കര
വിജ്ഞാനീതിലകം കണ്ടനാട്
വെസ്റ്റ് ഭദ്രാസനത്തിലെ
കോലഞ്ചേരി
സെന്റ് പീറ്റേഴ്സ്
സൺഡേസ്കൂളിലെ
ക്രിസ് വർഗീസ് എബ്രഹാമിന്.





പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്
പ്രസിഡന്റ് ആയി
തിരഞ്ഞെടുക്കപ്പെട്ട
അഡ്വ. വിജി നൈനാൻ.
നിരണം വലിയപള്ളി ഇടവകാംഗം
മട്ടയ്ക്കൽ അഡ്വ. എം. ബി.
നൈനാന്റെ ഭാര്യ.